# മാതൃബന്ധു വിദ്യാശാല എൽ.പി.സ്കൂൾ സിവിൽ സ്റ്റേഷൻ



# അക്കാദമിക് മാസ്റ്റർ പ്ലാൻ

**ഉള്ളടക്കം**


- ആമുഖം
- വിദ്യാലയ ചരിത്രം
- കാഴ്ച്ചപ്പാട്
- ലക്ഷ്യങ്ങൾ
- അവസ്ഥാപഠനം
- അക്കാദമിക മേഖലകൾ
- തനത് പ്രവർത്തനം
- ക്ലാസ് തല അക്കാദമിക മാസ്റ്റർ പ്ലാൻ

## ആമുഖം

കോഴിക്കോട് ജില്ലയിൽ സിവിൽസ്റ്റേഷനടുത്ത് മധുരവനം റോഡിൽ 1932ലാണ് മാതൃബന്ധു വിദ്യാശാല എൽ.പി.സ്കൂൾ സ്ഥാപിതമായത്. കഴിഞ്ഞ 93 വർഷമായി ഒരു പ്രദേശത്തിന് മുഴുവൻ അക്ഷരവെളിച്ചം നൽകിക്കൊണ്ട് ഈ വിദ്യാലയം നിലനിൽക്കുകയാണ്. അധ്യാപകരുടെയും പി.ടി.എയുടെയും ശ്രമഫല മായി കുട്ടികളുടെ എണ്ണത്തിൽ വർദ്ധനവുണ്ടാവുന്നുണ്ട്. സ്കൂളിനോട് ചേർന്ന് പ്രീ-പ്രൈമറി ക്ലാസ്സ് തുടങ്ങിയതും കൂടുതൽ കുട്ടികളെ ഇവിടേക്ക് ആകർഷിക്കു ന്നുമുണ്ട്.

മധുരവനം ചെറുവോട്ട് കൃഷ്ണക്കുറുപ്പാണ് സ്കൂളിന്റെ സ്ഥാപകൻ. അദ്ധ്യാപകനും, എഴുത്തുകാരനും, സാമൂഹ്യപ്രവർത്തകനും, കേരളത്തിലെ ഗ്രന്ഥ ശാലാ പ്രസ്ഥാനത്തിന്റെ അമരക്കാരനുമായിരുന്ന അദ്ദേഹം സമൂഹത്തിലെ എല്ലാ വിഭാഗത്തിൽപ്പെട്ടവർക്കും വിദ്യാഭ്യാസം എന്ന ലക്ഷ്യത്തോടെയാണ് ഈ വിദ്യാ ലയം സ്ഥാപിച്ചത്. പിന്നീട് സ്കൂൾ മാനേജർമാരായി വന്ന എം.ഇ. ദാമോദരക്കുറു പ്പ്, സ്കൂളിലെ പ്രധാനാധ്യാപിക കൂടിയായിരുന്ന എം.കെ. സുലോചന എന്നിവർ വിദ്യാലയത്തിന്റെ പുരോഗതിയിൽ കാര്യമായ പങ്കുവഹിച്ചിട്ടുണ്ട്. ഇപ്പോഴത്തെ മാനേജർ ആയ ഡോ. എം.ഡി. രാധികയും സ്കൂളിന്റെ ബഹുമുഖമായ വികസന ത്തിനായി ആത്മാർത്ഥമായി പ്രവർത്തിക്കുന്നു.

സ്കൂളിലെ പൂർവ്വവിദ്യാർത്ഥികൾ ഇന്ന് സമൂഹത്തിലെ വിവിധ മേഖലക ളിൽ ഉയർന്ന പദവികൾ അലങ്കരിക്കുന്നുണ്ട്. 2017, 2023 എന്നീ വർഷങ്ങളിൽ ഓർമ്മച്ചെപ്പ് എന്ന പേരിൽ ഒരു പൂർവ്വവിദ്യാർത്ഥി സംഗമം സ്കൂളിൽ വെച്ച് നട ത്തി. അന്ന് രൂപീകരിക്കപ്പെട്ട പൂർവ്വവിദ്യാർത്ഥി സംഘടന സ്കൂൾ പ്രവർത്തന ങ്ങൾക്ക് ശക്തമായ പിന്തുണ നൽകുന്നു. പ്രദേശത്തെ റസിഡൻസ് അസോസിയേ ഷനും സംഘടനാ പ്രതിനിധികളും പ്രധാനവ്യക്തികളും ഉൾപ്പെടുന്ന സ്കൂൾ

സപ്പോർട്ടിംഗ് ഗ്രൂപ്പ്, സ്കൂളിന്റെ പ്രവർത്തനങ്ങളിൽ സക്രിയമായി ഇടപെടുന്നുണ്ട്. മദർ പി.ടി.എയുടെ സജീവ പങ്കാളിത്തം സ്കൂളിന്റെ എല്ലാ കാര്യങ്ങളിലും ഉണ്ട്. സ്കൂൾ വാർഷികം, ദിനാചരണങ്ങൾ, സ്കൂൾ അസംബ്ലി എന്നിവ കുട്ടികളുടെ പാഠ്യേതര പ്രവർത്തനങ്ങളുടെ നേർക്കാഴ്ചയാണ്. എൽ.എസ്.എസ് സ്കോളർ ഷിപ്പ് പരീക്ഷകളിൽ കുട്ടികൾ ഉന്നതവിജയം കരസ്ഥമാക്കുന്നു. എം.എൽ.എ, എം.പി ഫണ്ടുകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് ഐ.ടി. പഠനത്തിനാവശ്യമായ സംവിധാനങ്ങൾ സ്കൂളിൽ ഒരുക്കിയിട്ടുണ്ട്. വിശാലമായ കളിസ്ഥലവും പെഡ ഗോജിക് പാർക്കും കുട്ടികളുടെ മാനസികോല്ലാസത്തിനും ശാരീരികക്ഷമതയ്ക്കും സഹായകമാവുന്നുണ്ട്. സബ് ജില്ല ശാസ്ത്ര കലാമേളകളിൽ പങ്കെടുക്കുകയും മികച്ച പ്രകടനം കാഴ്ചവെക്കുകയും ചെയ്യുന്നുണ്ട്.

പ്രദേശത്തെ സാമൂഹികവും സാമ്പത്തികവുമായും പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിലെ വിദ്യാർത്ഥികളാണ് ഇവിടെ പഠിക്കുന്നത്. ഈ കുഞ്ഞുങ്ങളെ ഏറ്റവും മികച്ച പൗരന്മാരായി വാർത്തെടുക്കുകയെന്ന ദൗത്യം ഈ സ്കൂളിലെ അദ്ധ്യാപകർ സസന്തോഷം ഏറ്റെടുത്ത് നടത്തുന്നു.

നമ്മുടെ വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കി മാറ്റുക എന്ന ലക്ഷ്യ ത്തോടെ ഈ വർഷം നടത്തേണ്ട പ്രവർത്തനങ്ങളുടെ വിശദമായ ഒരു പ്ലാനിം ഗാണ് അക്കാദമിക മാസ്റ്റർ പ്ലാനിലൂടെ ലക്ഷ്യമാക്കിയിട്ടുള്ളത്. ഓരോ കുട്ടിയെയും അവരിലെ കഴിവിനനുസരിച്ച് 100% മികവിലേക്കെത്തിക്കുകയും അതുവഴി പ്രദേ ശത്തെ മുഴുവൻ കുട്ടികളെയും സ്കൂളിലേക്ക് ആകർഷിക്കുകയും ചെയ്യാനുള്ള പ്രവർത്തനങ്ങളാണ് ലക്ഷ്യമിടുന്നത്. സ്കൂളിലെ മുഴുവൻ കുട്ടികളുടെയും അക്കാ ദമിക മികവിനുള്ള വഴികൾ ഇവിടെ സസൂക്ഷ്മം ആസൂത്രണം ചെയ്തിട്ടുണ്ട്.

**വിദ്യാലയ ചരിത്രം**

1932ൽ ശ്രീ മധുരവനം ചെറുവോട്ട് കൃഷ്ണക്കുറുപ്പാണ് സ്കൂൾ സ്ഥാപിച്ചത്. കോഴിക്കോട് സിവിൽ സ്റ്റേഷനടുത്ത് മധുരവനം റോഡിൽ 33 സെന്റ് സ്ഥലത്താണ് സ്കൂൾ സ്ഥിതി ചെയ്യുന്നത്. 1930 കാലഘട്ടത്തിൽ സമൂഹത്തിലെ അടിച്ചമർത്തപ്പെടുകയും സ്കൂൾ പ്രവേശനം നിഷേധിക്കപ്പെടുകയും ചെയ്ത് അധഃസ്ഥിത വർഗ്ഗത്തിന്റെയും ഹരിജനങ്ങളുടെയും ഉന്നമനം ലക്ഷ്യമാക്കിയാണ് സ്കൂൾ സ്ഥാപിച്ചത്. നീതി നിഷേധിക്കപ്പെട്ട ഒരു ജനതയ്ക്കുവേണ്ടി പോരടിക്കുകയും ഹരിജനങ്ങൾക്ക് സ്കൂൾ പ്രവേശനം നൽകുകയും ആ വിഭാഗത്തിൽപ്പെട്ടവരെ അദ്ധ്യാപകരമായി നിയമിക്കുകയും ചെയ്തത് അന്നത്തെ സവർണ്ണ മേധാവിത്വത്തിനെതിരെയുള്ള വെല്ലുവിളിയായിരുന്നു.

1950-ൽ സ്കൂളിലെ പൂർവ്വവിദ്യാർത്ഥിയായിരുന്ന എം.ഇ.ദാമോദരക്കുറുപ്പ് മാസ്റ്റർ മാനേജരായി വരികയും അദ്ദേഹം 1976-ലെ മികച്ച അദ്ധ്യാപകനുള്ള സംസ്ഥാന അവാർഡിന് അർഹനാവുകയും ചെയ്തത് സ്കൂളിന്റെ യശസ്സ് വർദ്ധിക്കാനിടയാക്കി. ആരംഭഘട്ടത്തിൽ 1 മുതൽ 4 വരെ ക്ലാസ്സുകൾ 2 ഡിവിഷൻ വീതം ഉണ്ടായിരുന്നു. പിന്നീടത് ഓരോ ഡിവിഷനായി ചുരുങ്ങി. 1966 ൽ സ്കൂൾ കമ്മിറ്റി മാനേജരുടെ നേതൃത്വത്തിൽ സിവിൽസ്റ്റേഷൻ ചുള്ളിയോട് റോഡ് സ്കൂളിലേക്ക് നീട്ടി വികസിപ്പിച്ചു. സ്കൂളിന് സ്വന്തമായുള്ള ഓപ്പൺ എയർ സ്റ്റേജ് നാട്ടിലെ പൊതുപരിപാടികൾക്കായി ഉപയോഗിച്ചിരുന്നു.

ആരംഭത്തിൽ ഓല മേഞ്ഞ കെട്ടിടമായിരുന്നു. പിന്നീട് ഓടാക്കി മാറ്റുകയും കോമ്പൗണ്ട് കെട്ടുകയും ക്ലാസ്സ് മുറികൾക്ക് ഗ്രിൽ പിടിപ്പിക്കുകയും ചെയ്ത് ബിൽഡിംഗ് സൗകര്യം വികസിപ്പിച്ചു. സ്കൂളിന്റെ ആദ്യകാലത്തെ പ്രധാന അധ്യാപകൻ നാരായണൻകുട്ടി നായർ ആയിരുന്നു. പിന്നീട് എം.കെ.സുലോചന വളരെക്കാലം സ്കൂൾ ഹെഡ്മിസ്ട്രസ്സായും മാനേജരായും പ്രവർത്തിച്ചു.

ഡോ.എം.ഡി. രാധിക മാനേജർ ആയ ഈ വിദ്യാലയത്തിലെ ഇപ്പോഴത്തെ ഹെഡ്മിസ്ട്രസ്സ് ശ്രീമതി വി.നിഷയാണ്. മാനേജർ ക്ലാസ്സ് മുറികൾ ടൈലിടുകയും അടുക്കള നവീകരിച്ച് ആധുനിക സജ്ജീകരണങ്ങൾ ഒരുക്കി തരികയും ചെയ്തിട്ടുണ്ട്. കുട്ടികൾക്കായി പ്രത്യേക ഡൈനിംഗ് ഹാളിന്റെ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. പി.ടി.എ, എം.പി.ടി.എ, എസ്.എസ്.ജി എന്നിവയുടെ പങ്കാളിത്തത്തോടെ ദിനാചരണങ്ങളും മറ്റ് പാഠ്യേതര പ്രവർത്തനങ്ങളും മികച്ച രീതിയിൽ സ്കൂളിൽ നടത്തുന്നുണ്ട്. പ്രദേശത്തെ റസിഡന്റ്സ് അസോസിയേഷനായ അയൽപക്കവേദി, സാംസ്ക്കാരി സംഘടനകളായ ബ്രദേഴ്സ് ക്ലബ്ബ്, കാർഡ്സ്, സൗഹാർദ്ദ സമിതി വായനശാല എന്നിവയുടെ പ്രതിനിധികൾ സ്കൂൾ സപ്പോർട്ടിംഗ് ഗ്രൂപ്പിൽ അംഗങ്ങളാണ്. ഇവരുടെയെല്ലാം സഹായസഹകരണങ്ങളോടെ സ്കൂളിന്റെ നിലവാരം മെച്ചപ്പെടുത്താനുള്ള ശ്രമങ്ങളാണ് ഇപ്പോൾ നടക്കുന്നത്.

ഇപ്പോൾ നഴ്സറി ക്ലാസ്സുകൾ ഉൾപ്പെടെ 75 ഓളം വിദ്യാർത്ഥികൾ ഇവിടെ പഠിക്കുന്നുണ്ട്. എന്നാൽ ഇക്കഴിഞ്ഞ കുറേ വർഷങ്ങളായി വിദ്യാർത്ഥികളുടെ എണ്ണം ക്രമമായി വർദ്ധിച്ചുവരുന്നു. സ്കൂളിനോട് ചേർന്ന് പ്രീ-പ്രൈമറി ക്ലാസ്സുകൾ ആരംഭിച്ചത് ഇതിന് സഹായകമായിട്ടുണ്ട്. ആദ്യകാലത്ത് വിദ്യാഭ്യാസ നിഷേധിക്കപ്പെട്ട ഒരു ജനതയ്ക്ക് വിദ്യാഭ്യാസ നേടിക്കൊടുത്ത ഒരു സ്ഥാപനം എന്ന നിലയിൽ ഇന്നും പ്രാദേശിക സമൂഹത്തിന്റെ പങ്കാളിത്തവും സഹകരണവും സ്കൂളിൻരെ എല്ലാ പ്രവർത്തനങ്ങളിലും ലഭിക്കുന്നുണ്ട്. പൂർവ്വവിദ്യാർത്ഥി സംഘടന രൂപീകരിച്ച് സ്കൂളിന്റെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്ന പ്രവർത്തനങ്ങളിൽ അവരെയും പങ്കാളികളാക്കിയിട്ടുണ്ട്. പൂർവ്വവിദ്യാർത്ഥി സംഘടനയുടെ നേതൃത്വത്തിൽ 1-ാം ക്ലാസ്സിൽ പ്രത്യേക സ്മാർട്ട് ക്ലാസ്സ് റൂം സജ്ജമാക്കിയിട്ടുണ്ട്. ഈ നാടിന്റെ ഒരു സാംസ്ക്കാരിക കേന്ദ്രമായി തന്നെ ഈ വിദ്യാലയം നിലനിൽക്കുകയാണ്.

## വിദ്യാലയം മികവിന്റെ കേന്ദ്രം കാഴ്ചപ്പാട്

93 വർഷം പഴക്കമുള്ള മാതൃബന്ധു വിദ്യാശാല എൽ.പി.സ്കൂളിനെ മികവിന്റെ കേന്ദ്രമാക്കി മാറ്റാനുള്ള പ്രവർത്തനങ്ങളാണ് അക്കാദമിക് മാസ്റ്റർ പ്ലാനിലൂടെ തയ്യാറാക്കിയിരിക്കുന്നത്.

1. പ്രദേശത്തെ സാധാരണ കുടുംബങ്ങളിൽ നിന്നുള്ള മുഴുവൻ കുട്ടികൾക്കും അറിവിന്റെ ഉയർന്ന തലങ്ങളിലേക്ക് എത്താൻ ആവശ്യമായ പഠന സൗകര്യങ്ങൾ വിദ്യാലയം ഒരുക്കും.
2. ക്ലാസ്സ് മുറികൾ സ്മാർട്ട് റൂമുകളാവും. കമ്പ്യൂട്ടർ ലാബ് സജ്ജമാക്കും. ആധുനിക ഐ.ടി. സാങ്കേതികവിദ്യ പരമാവധി പ്രയോജനപ്പെടുത്തിക്കൊണ്ടുള്ള പഠനം ലഭ്യമാക്കും.
3. മെച്ചപ്പെട്ട ഇംഗ്ലീഷ് പഠനം-റോൾ പ്ലേ, സ്കിറ്റുകൾ, കൈയ്യെഴുത്ത് മാസികകൾ, ഡിക്ഷണറികൾ, ഇംഗ്ലീഷ് അസംബ്ലി, ഇംഗ്ലീഷ് സ്റ്റോറി ടൈം എന്നിങ്ങനെ മികവാർന്ന ഇംഗ്ലീഷ് ഭാഷാപഠനം.
4. വൈവിധ്യമാർന്ന ദിനാചരണങ്ങൾ-എസ്.എസ്.ജി, പൂർവ്വവിദ്യാർത്ഥി സംഘടന എന്നിവയുമായി ബന്ധപ്പെട്ട് റിസോഴ്സ് പേഴ്സൺസിനെ ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള ദിനാചരണങ്ങൾ.
5. കാർഷികാവബോധമുള്ള പുതുതലമുറയെ സൃഷ്ടിക്കാനായി സ്കൂളിൽ ജൈവ പച്ചക്കറി തോട്ടം ഇതുവഴി പോഷകസമൃദ്ധമായ ഉച്ചഭക്ഷണം.
6. കുട്ടികൾക്ക് മികച്ച പ്രഭാതഭക്ഷണം.
7. ധാരാളം പുസ്തകങ്ങളുള്ള ലൈബ്രറി വായനാ പരിപോഷണത്തിനായി ക്ലാസ്സ് ലൈബ്രറി, അമ്മ വായന, വായനക്കുറിപ്പ് എഴുതൽ, മത്സരം എന്നിങ്ങനെ വിവിധ പരിപാടികൾ. എസ്.എസ്.ജി പൂർവ്വവിദ്യാർത്ഥി സംഘടന എന്നിവയുടെ സഹായത്തോടെ പത്രമാസികകൾ സ്കൂളിൽ ലഭ്യമാക്കുന്നു.
8. പ്രത്യേക ഡൈനിംഗ് ഹാൾ.

9. ആകർഷകമായ സ്കൂൾ കോമ്പൗണ്ട്, കളിസ്ഥലം.
10. പാഠ്യേതര പ്രവർത്തനങ്ങളിൽ മുഴുവൻ കുട്ടികൾക്കും പങ്കാളിത്തം.
11. അബാക്കസ് പരിശീലനം.

**ലക്ഷ്യങ്ങൾ**

1. വിദ്യാലയത്തിലെ പി.ടി.എ, എസ്.എസ്.ജി, അയൽപക്ക സമൂഹം, പൂർവ്വവിദ്യാർത്ഥി സംഘടന എന്നിവയുടെ പൂർണ്ണ പങ്കാളിത്തത്തോടെ സ്കൂളിനെ അക്കാദമികവും, ഭൗതീകവുമായി ഉയർന്ന നിലവാരത്തിലെത്തിക്കും.
2. പാഠ്യ-പാഠ്യേതര വിഷയങ്ങളിൽ മുഴുവൻ വിദ്യാർത്ഥികളേയും മുൻനിരയിൽ എത്തിക്കും.
3. ഓരോ കുട്ടിയും വിവിധ ക്ലാസുകളിൽ നേടേണ്ട പഠന നേട്ടങ്ങൾ നേടിയെന്ന് ഉറപ്പുവരുത്തുകയും അയൽപക്ക സമൂഹത്തിലെ മുഴുവൻ വിദ്യാർത്ഥികളെയും നമ്മുടെ വിദ്യാലയത്തിൽ എത്തിക്കുകയും ചെയ്യും.
4. ഓരോ കുട്ടിയേയും അവനിലെ കഴിവനുസരിച്ച് 100% മികവിലെത്തിക്കും.
5. പ്രത്യേകം ഡൈനിംഗ് ഹാൾ സജ്ജമാക്കും
6. കമ്പ്യൂട്ടർ ലാബ് സജ്ജീകരിച്ച് ഐടി പഠനം മികവുറ്റതാക്കും.

**അവസ്ഥാ പഠനം**

**അക്കാദമികം**

**മികവുകൾ**

1. എൽ.എസ്.എസ്. പരീക്ഷയിലെ വിദ്യാർത്ഥികളുടെ മികച്ച പ്രകടനങ്ങൾ.
2. ക്ലസ്റ്റർതല യു.ആർ.സി തല മത്സരങ്ങളിലെ വിജയനേട്ടങ്ങൾ
3. സബ് ജില്ല കലാ-ശാസ്ത്ര മേളകളിലെ മികച്ച പങ്കാളിത്തവും മത്സരിച്ച ഇനങ്ങളിൽ എ ഗ്രേഡ് ഉൾപ്പെടെയുള്ള വിജയങ്ങളും.

4. ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വിവിധ ക്വിസ് മത്സരങ്ങൾ സ്കൂളിൽ നടത്തുന്നതിനാൽ കുട്ടികളിൽ വർദ്ധിച്ച പൊതു വിജ്ഞാനം.
5. കുട്ടികളുടെ എണ്ണത്തിലുള്ള വർദ്ധന.
6. ക്ലാസ് ലൈബ്രറി
7. പാഠ്യേതര പ്രവർത്തനങ്ങൾക്ക് പ്രത്യേകം പ്രോത്സാഹനം.

**കുറവുകൾ**

1. ചില കുട്ടികൾക്കെങ്കിലും ലേഖനത്തിലും വായനയിലുമുള്ള പിന്നോക്കാവസ്ഥ.
2. എല്ലാ ക്ലാസ് മുറികളും സ്മാർട്ട് ക്ലാസ് റൂമുകളല്ല.

**ഭൗതികം**

**മികവുകൾ**

1. ടൈൽസ് പാകിയ ക്ലാസ് മുറികൾ
2. വിശാലമായ കളിസ്ഥലം
3. സ്മാർട്ട് ക്ലാസ് മുറികൾ
4. ഒന്നാം ക്ലാസ് ഒന്നാം തരം
5. നവീകരിച്ച അടുക്കള
6. ജൈവപച്ചക്കറികൃഷി
7. പെഡഗോജി പാർക്ക്
8. കുട്ടികളുടെ എണ്ണത്തിനനുസരിച്ച് ശുചിമുറികൾ
9. ചുറ്റുമതിലും ഓപ്പൺ സ്റ്റേജും
10. വാഹനസൗകര്യം
11. ജൈവവൈവിദ്യ ഉദ്യാനം

**കുറവുകൾ**

1. കമ്പ്യൂട്ടർ ലാബിന് പ്രത്യേക മുറിയില്ല.
2. പ്രത്യേകം ഡൈനിംഗ് ഹാളില്ല.
3. ക്ലാസുകൾ ചുമർ കെട്ടി തിരിച്ചിട്ടില്ല.
4. ഓപ്പൺ സ്റ്റേജ് നവീകരിച്ചിട്ടില്ല.
5. ലാപ്ടോപ്പ് വേണ്ടത്ര ഇല്ല.

**സാമൂഹികം**

**മികവുകൾ**

1. പ്രദേശത്തെ ക്ലബ്ബുകൾ, വായനശാല, റസിഡന്റ്സ് അസോസിയേഷൻ എന്നിവ ഉൾപ്പെടുന്ന ശക്തമായ സ്കൂൾ സപ്പോർട്ടിംഗ് ഗ്രൂപ്പ്.
2. പൂർവ്വവിദ്യാർത്ഥി സംഘടനയുടെ പങ്കാളിത്തത്തോടെ സ്മാർട്ട് ക്ലാസ് റൂം
3. പി.ടി.എയുടെ സഹായത്തോടെ കുട്ടികൾക്ക് പ്രഭാതഭക്ഷണം.
4. എം.എൽ.എ, എം.പി ഫണ്ടുകളുടെ ഫലപ്രദമായ ഉപയോഗത്തിലൂടെ സ്കൂളിന് പെഡഗോജിക് പാർക്ക്, സ്മാർട്ട് ക്ലാസ് റൂം ഉപകരണങ്ങൾ, കമ്പ്യൂട്ടറുകൾ
5. സന്നദ്ധസംഘടനകളുടെ വകയായി സൗജന്യ പഠനോപകരണ വിതരണം.
6. ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിൽ അമ്മമാർക്കുള്ള ബോധവൽക്കരണ ക്ലാസുകൾ

**കുറവുകൾ**

1. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിലെ വിദ്യാർത്ഥികളായതിനാൽ കലാപഠനത്തിനും മറ്റും വേണ്ടത്ര പരിശീലനം നൽകാൻ രക്ഷിതാക്കൾക്ക് കഴിയുന്നില്ല.
2. സ്കൂൾ പ്രവർത്തനങ്ങളിൽ രക്ഷിതാക്കളുടെ പങ്കാളിത്തക്കുറവ്.

**തനത് പ്രവർത്തനം –2025–26**

Easy English

Indigenous activity 2025-26

Easy English

**Objectives**

1. Create more opportunities to communicate in engish
2. Enable children to read and write English without mistake
3. Provide opportunities to listen to English
4. Create chances to perform role – plays and skits

**Activities**

1. English assembly once a week
2. Screening of English cartoons
3. Story time
4. Dictionary making
5. Jumped word and sentence.
6. Work sheet.

Downloaded from: https://textbooksall.blogspot.com/

# പരിസരപഠനം

Downloaded from: https://textbooksall.blogspot.com/

**മേഖല - അക്കാദമികം**

**ഉപമേഖല - പരിസരപഠനം**

**ക്ലാസ്- I**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആഹാര ശീലങ്ങളും, ഭക്ഷണ വസ്തുക്കളുടെ പ്രത്യേകതകളും തിരിച്ചറിവ്. | ഭക്ഷ്യമേള-പ്രദർശനം നാടൻ വിഭവങ്ങൾ ഉപയോഗിച്ചുള്ള പാചകവും രുചി അറിവും | ജൂൺ-ജൂലൈ ആഗസ്ത് | ക്ലാസ് ടീച്ചർ SRG SMC | SMC |
| പ്രകൃതിയെ അറിയുന്നതിനും ആസ്വദിക്കുന്നതിനും | പുഷ്പോദ്യാനം, ഔഷധത്തോട്ടം, ചുറ്റുവട്ടത്താകെ | ഡിസംബർ ജനുവരി | SRG SMC | |

Downloaded from: https://textbooksall.blogspot.com/

**മേഖല - അക്കാദമികം**

**ഉപമേഖല - പരിസരപഠനം**

**ക്ലാസ് - II**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശുചിത്വബോധമുള്ള വ്യക്തിത്വവും സമൂഹവും സൃഷ്ടിക്കുന്നതിന്. | ശുചിത്വ സർവ്വേ<br>ക്ലാസുകൾ<br>പോസ്റ്റർ രചനാ മത്സരം<br>അവതരണങ്ങൾ | ജൂൺ, ജൂലൈ | ക്ലാസ് ടീച്ചർ<br>SRG<br>SMC | |
| പ്രകൃതിയെ അറിയാൻ. | പ്രകൃതി നടത്തം<br>കാഴ്ചബംഗ്ലാവിലേക്ക്.<br>കാണാക്കാഴ്ചകൾ - ഇഉ | സപ്തംബർ<br>ഡിസംബർ | ടീച്ചേർസ്<br>SRG<br>SMC | SMC |
| നാടറിയാൻ - നാട്ടറിവുകൾ | കർഷകരുമായി അഭിമുഖം.<br>കൃഷിയിടത്തിലേക്ക്.<br>നമുക്കും കർഷകരാകാം | ജനുവരി | SRG<br>SMC<br>നാട്ടുകാർ | |

Downloaded from: https://textbooksall.blogspot.com/

**മേഖല - അക്കാദമികം**

**ഉപമേഖല - പരിസരപഠനം**

**ക്ലാസ് - III**

| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| ശാസ്ത്രാവബോധം വളർത്തുക | കണ്ടെത്താം അറിയാം<br>ലഘു പരീക്ഷണങ്ങൾ കണ്ടെത്തുന്നു.<br>കുറിപ്പു തയ്യാറാക്കൽ. | ജൂൺ<br>ജൂലൈ<br>ആഗസ്ത് | | |
| പ്രകൃതി വിഭവ സംരക്ഷണം | ജൈവ-വൈവിധ്യ പാർക്ക്<br>തടയണ, മഴക്കുഴിനിർമ്മാണം<br>ജലസ്രോതസ്സുകൾ<br>പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിലെ പങ്കാളിത്തം | ജൂലൈ<br>ഡിസംബർ | | |
| ശാസ്ത്ര പരീക്ഷണങ്ങളിൽ താൽപര്യം ജനിപ്പിക്കൽ | ശാസ്ത്ര പ്രതിഭകളെ അടുത്തറിയാം<br>പരീക്ഷണം വീട്ടിനകത്തും<br>ശാസ്ത്ര മാസികകൾ | | | |

Downloaded from: https://textbooksall.blogspot.com/

## പരിസരപഠനം (Std IV)

| പ്രകൃതി നടത്തം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
| നിരീക്ഷണം-അറിവു നിർമ്മാണം | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | ആവശ്യാനുസരണം | HM<br>CPTA | PTA |
| **ശാസ്ത്രമൂല** | | | | |
| ശാസ്ത്ര പഠനം ലളിതവും രസകരവുമാക്കൽ | ശാസ്ത്ര പഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | വർഷം മുഴുവൻ | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA<br>SSA |
| **ശാസ്ത്രയാത്ര** | | | | |
| ശാസ്ത്ര പഠനത്തിൽ താൽപ ര്യം ജനിപ്പിക്കൽ-അന്വേഷണ ത്വര വളർത്തൽ | വാന നിരീക്ഷണ കേന്ദ്രം<br>സയൻസ് പാർക്ക്<br>ശാസ്ത്ര മെഡിക്കൽ പ്രദർശനങ്ങൾ ഫോക്ക്‌ലോർ അക്കാദമി ഇവ സന്ദർശിക്കൽ | ആവശ്യാനുസരണം | HM<br>SRG<br>CPTA<br>ക്ലാസ് ടീച്ചർ | PTA<br>രക്ഷിതാക്കൾ |
| **ഭൂപടമൊരുക്കാം** | | | | |
| കേരളം - ഇന്ത്യ-ഭൂപടവായന - സൂചിക - പരിചയപ്പെടൽ | ഭൂപട വായന<br>ഭൂപട രചന<br>സൂചികാനിർമ്മാണം കളം ഉപയോഗിക്കൽ | വർഷത്തിലൊന്ന് | SRG<br>ക്ലാസ് ടീച്ചർ | PTA |
| **ശാസ്ത്ര വിസ്മയ ചുമർ** | | | | |
| ശാസ്ത്രപഠനം രസകരമാക്കൽ | ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | SRG<br>ക്ലാസ് ടീച്ചർ | PTA |
| **ശാസ്ത്രോത്സവം** | | | | |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | ടസശ,<br>പതിപ്പ്, ചാർട്ട്, ആൽബം, പഠനോപകരണം, പരീക്ഷണം- ഇവയുടെ പ്രദർശനം | വർഷത്തിലൊരിക്കൽ | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA |
| **ശാസ്ത്രമാസിക** | | | | |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ രചന | ശാസ്ത്ര മാസികകളുടെ നിർമ്മാണം | വർഷത്തിലൊന്ന് | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA |

Downloaded from: https://textbooksall.blogspot.com/

# ഭാഷ

Downloaded from: https://textbooksall.blogspot.com/

**മേഖല – അക്കാദമികം**

**ഉപമേഖല – ഭാഷ**

**ക്ലാസ് I**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഭാഷാ ശേഷി വികസനം | 1) ഭാഷാ കളരി കുട്ടികളിലും പാട്ടുകളും കഥ കളുമായി കുട്ടി കൂട്ടങ്ങൾ സംഘടിപ്പിക്കൽ.<br><br>2) <u>അമ്മ പറയട്ടെ</u> അമ്മമാർ കുട്ടിക്കഥകൾ അവതരിപ്പിക്കുന്നു. | സെപ്തംബർ<br>ഒക്ടോബർ<br><br>ജൂലൈ ഡിസംബർ ജനുവരി മാസത്തിലൊരിക്കൽ | ക്ലാസ് ടീച്ചർ<br>SRG<br>SMC<br>സ്കൂൾ വികസന സമിതി.<br><br>ക്ലാസ് ടീച്ചർ<br>SRG<br>മദർ പി.ടി.എ. | SMC<br><br>മദർ പി.ടി.എ. |

Downloaded from: https://textbooksall.blogspot.com/

**മേഖല – അക്കാദമികം**

**ഉപമേഖല – ഭാഷ**

**ക്ലാസ് – II**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശ കലനം |
|---|---|---|---|---|
| ഉചിതമായ വ്യവഹാര രൂപ ങ്ങളിലുള്ള ലേഖന മികവ് | 1) എഴുത്തും കുത്തും ലഘു രചനയിലേക്ക് നയിക്കുന്ന രചനാ ക്യാമ്പു കൾ<br>2) ലഘുപതി പ്പുകൾ തയ്യാറാ ക്കൽ. | ഒക്ടോബർ<br>നവംബർ<br>ഡിസംബർ | SRG<br>SMC<br>ക്ലബ്ബുകൾ<br>മദർ പി.ടി.എ<br>സ്റ്റാഫ്. | ടങ്ങ<br>മദർ പി.ടി.എ |
| സർഗാത്മകതയെ തട്ടിയു ണർത്താം | 1) രചനാശില്പ ശാല കഥ, കവിത, രചന കൾക്കുള്ള വേദിയൊരുക്കൽ | ഡിസംബർ<br>ജനുവരി | SMC<br>അദ്ധ്യാപകർ<br>ക്ലബ്ബുകൾ<br>പ്രമുഖ വ്യക്തി കൾ | SRG<br>SMC |

Downloaded from: https://textbooksall.blogspot.com/

മേഖല - അക്കാദമികം

ഉപമേഖല - ഭാഷ

ക്ലാസ് - III

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാഹിത്യ പ്രതിഭ കളെ അടുത്ത റിയാം | 1) കവികളെ കുറി ച്ചുള്ള ഡോക്യു മെന്ററി പ്രദർശനം | ജൂൺ | അദ്ധ്യാപകർ SMC | SMC |
| | 2) പുസ്തക ശേഖര ണവും പ്രദർശനവും | ജൂൺ ഡിസംബർ | അദ്ധ്യാപകർ SMC | SMC |
| | 3) ചിത്ര ഗ്യാലറി | ജനുവരി | മദർ പി.ടി.എ ക്ലബ്ബുകൾ | |
| വായനാ പരിപോ ഷണം | 1) പൊതു സമൂഹവു മായി ബന്ധപ്പെട്ട് പുസ്തക ശേഖ രണം | നവംബർ | വായനശാല SMC SRG | ക്ലബ്ബ് SMC SRG |
| | 2) വായനാക്കളരി | ആഴ്ചയി ലാണ് | | |
| | 3) നാട്ടുവായന - പ്രാദേശിക എഴുത്തു കാരുമായുള്ള സംവാദം | ആഗസ്ത് | ക്ലബ്ബുകൾ സാഹിത്യ ക്ലബ്ബ് | വായനശാല |

Downloaded from: https://textbooksall.blogspot.com/

## മലയാള ഭാഷ (Std IV)

| മധുരം മലയാളം | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| ഭാഷാ പരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാ പരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം സംഘടിപ്പി ക്കൽ. ആവശ്യമായ സാമഗ്രികൾ ഒരുക്കൽ | ലക്ഷ്യം നേടുന്നതുവരെ | SRG<br>ക്ലാസ് ടീച്ചർ | PTA ഫണ്ട് |
| **വായിക്കാം വളരാം** | | | | |
| വായനാ ശേഷി വളർത്തൽ | ക്ലാസ് വായനാ കൂട്ടം.<br>ക്ലാസ് ലൈബ്രറി ഒരുക്കൽ- പുസ്തകപരിചയം വായനാ കുറിപ്പ് ആസ്വാദ കുറിപ്പ്. പുസ്തക സംവാദം ആനുകാലിക വായന | വർഷം മുഴുവൻ | HM<br>SRG<br>Class Teacher<br>CPTA | PTA |
| **എഴുതാം തെളിയാം** | | | | |
| എഴുത്ത് പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളിൽ നിന്നും പഠനപ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ | പ്രതിമാസം (വർഷം മുഴുവൻ) | SRG<br>Class Teacher | PTA |
| **എഴുത്തുകാരുമായി സംവദിക്കൽ** | | | | |
| ലേഖന ശേഷി വർദ്ധിപ്പിക്കൽ - സാഹിത്യകാരൻമാരെ അടുത്തറിയൽ | സാഹിത്യകാരന്മാരുമായി എഴുത്തിലൂടെ സംവദിക്കൽ | ആവശ്യാനുസരണം | Class Teacher | |

Downloaded from: https://textbooksall.blogspot.com/

| | | | | |
|---|---|---|---|---|
| **കണ്ടറിയാം... കേട്ടറിയാം...** | | | | |
| അറിവ് ഡോക്യു മെന്ററിയിലൂടെ നേടൽ (ICT) | പാഠഭാഗങ്ങളു മായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ, പ്രദർ ശിപ്പിക്കൽ | ആവശ്യാനുസ രണം | Class Teacher | PTA |
| **രുചിച്ചറിയാം...** | | | | |
| നമ്മുടെ പ്രാചീന (നാടൻ) ഭക്ഷണ ങ്ങൾ പരിചയപ്പെ ടൽ | ഭക്ഷ്യമേള - പാചക കുറിപ്പട ങ്ങിയ പതിപ്പ് നിർമ്മാണം. ക്ലാസിലൊരു സദ്യ | വർഷത്തിലൊന്ന് | SRG<br>Class Teacher<br>PTA | |
| **ഓർക്കാം - അഭിമാനിക്കാം (സാഹിത്യകാരന്മാർ)** | | | | |
| സാഹിത്യകാരന്മാ രുടെ ജന്മ- ചരമ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ അടുത്തറിയൽ | ഓർമ്മദിനങ്ങൾ ആചരിക്കൽ - ഡോക്യുമെന്ററി പ്രദർശനം - പുസ്തക പരിചയം - ക്വിസ് ലഘു പ്രഭാ ഷണം ജീവിതരേഖ തയ്യാറാക്കൽ പതിപ്പ് നിർമ്മാണം - പ്രദർശനം | ആവശ്യാനുസ രണം | SRG<br>Class Teacher<br>CPTA | |
| **കലക്കൂട്ട്** | | | | |
| പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ - നേരിട്ടറിയൽ | പ്രദേശവാസികളായ കലാകാരന്മാരുടെ സേവനം ക്ലാസ് മുറിയിലേക്ക് കലാവതരണം. കല യുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ, ചമ യങ്ങൾ പ്രദർശനം | വർഷത്തിലൊന്ന് | HM<br>SRG<br>CPTA<br>Class Teacher | PTA |
| **സർഗ്ഗോത്സവം** | | | | |
| ഭാഷാ പഠന ത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസ ത്തോടെ അവതരി പ്പിക്കൽ | കുട്ടികളുടെ സർഗ്ഗ ശേഷികളുടെ പ്രദർശനം | വർഷത്തിലൊരി ക്കൽ | HM<br>SRG<br>CPTA<br>Class Teacher | PTA |

Downloaded from: https://textbooksall.blogspot.com/

# ഗണിതം

Downloaded from: https://textbooksall.blogspot.com/

മേഖല - അക്കാദമികം

ഉപമേഖല - ഗണിതം

ക്ലാസ് - I

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കളികളും നിർമ്മാണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം ലളിതമാക്കൽ | 1) ഗണിത മാഗസിൻ<br>2) ജ്യാമിതീയ രൂപങ്ങളുടെ നിർമ്മാണം ഏകദിനക്യാമ്പ്<br>3) ഗണിതക്യാമ്പ് ഗണിത പ്രവർത്തനങ്ങൾ കളിയിലൂടെ | ജൂൺ - മാർച്ച്<br>സപ്തംബർ<br>മാസത്തിൽ ഒന്ന് വീതം | ടഞഏ<br>ക്ലാസ് ടീച്ചർ<br>SRG ക്ലാസ് ടീച്ചർ | S S A |

Downloaded from: https://textbooksall.blogspot.com/

**മേഖല - അക്കാദമികം**

**ഉപമേഖല - ഗണിതം**

**ക്ലാസ്- II**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിത ചിന്താ ശേഷി വളർത്തൽ | ഒരു ദിനം ഒരു ചോദ്യം (കുസൃതി കണക്കു കളും, ഗണിത പസിലുകളും പരി ചയപ്പെടൽ)<br><br>ഗണിത ക്യാമ്പ് (ഗണിതം കളികളി ലൂടെ) | ആഴ്ചയിൽ ഒന്ന് വീതം<br><br>മാസത്തിൽ ഒന്ന് വീതം | SRG<br>ക്ലാസ് ടീച്ചർ | S S A |

Downloaded from: https://textbooksall.blogspot.com/

**മേഖല - അക്കാദമികം**

**ഉപമേഖല - ഗണിതം**

**ക്ലാസ് - III**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജ്യാമിതീയ സൗന്ദര്യം തിരിച്ചറിയാം | ഒറിഗാമി ശില്പശാല രസകരമായി ഗണിതപഠനവും നിർമാണ പ്രവർത്തനങ്ങളുടെ ആസൂത്രണവും. ഒറിഗാമിടാൻഗ്രാം രൂപങ്ങൾ നിർമ്മിക്കൽ, പ്രദർശിപ്പിക്കൽ | ഒക്ടോബർ | SRG PTA | S S A |
| ഗണിതം ലളിതമാക്കാം കളികളിലൂടെ | മെട്രിക് മേള ഗണിതോത്സവം | ജനുവരി | SRG ക്ലാസ് ടീച്ചർ | S S A Staff S M C |

Downloaded from: https://textbooksall.blogspot.com/

# ഗണിതം (Std IV)

| കളിക്കാം..ഗണിക്കാം | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലയളവ്** | **ചുമതല** | **സാമ്പത്തികം** |
| ഗണിത പഠനം രസകരമാക്കൽ (ചതുഷ്ക്രിയകൾ ലളിതമാക്കൽ) | വിവിധതരം കളികൾ ആസൂത്ര ണം ചെയ്യൽ- നടപ്പാക്കൽ- മൂല്യനിർണയം. (ഏണിയും പാമ്പും , ഡയസ് കളി) സങ്കലനം- വ്യവകലനം. (കച്ചവടക്കളി) | വർഷം മുഴുവൻ | SRG ക്ലാസ് ടീച്ചർ | |
| **ഒറിഗാമിയിലൂടെ പഠിക്കാം..** | | | | |
| ഗണിത ശാസ്ത്ര പഠനം രസകരമാക്കൽ- കര ചലന ശേഷി വികാസം | ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം പ്രദർശനം | വർഷത്തിലൊരിക്കൽ (ഉചിതമായ സമയത്ത് ) | ക്ലാസ് ടീച്ചർ | PTA |
| **ഗണിതലാബ്** | | | | |
| ഗണിത പഠന പ്രവർത്തനം സുതാര്യമാക്കൽ | ഗണിത ലാബ് ഒരുക്കൽ- പഠനത്തിന് ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | HM SRG ക്ലാസ് ടീച്ചർ | PTA |
| **ഗണിതച്ചുമർ** | | | | |
| ഗണിത രൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ | ഗണിത ച്ചുമർ ഒരുക്കൽ ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | PTA |
| **ഗണിതപഠനോപകരണശില്പശാല** | | | | |
| പഠനോപകരണങ്ങളിലൂടെ ഗണിതപഠനം രസകരമാക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം - പ്രദർശനം | ആവശ്യാനുസരണം | ടഞഏ ക്ലാസ് ടീച്ചർ | PTA |
| **ഗണിതമേള** | | | | |
| ഗണിത ശേഷികളുടെ പ്രകടനം | പ്രശ്നോത്തരി പസിൽ പാറ്റേൺ പഠന ഉൽപന്നങ്ങളുടെ പ്രദർശനം | വർഷത്തിലൊന്ന് | SRG ക്ലാസ് ടീച്ചർ | PTA |

Downloaded from: https://textbooksall.blogspot.com/

**മേഖല - അക്കാദമികം**

**ഉപമേഖല - ഇംഗ്ലീഷ്**

**ക്ലാസ്- I**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷ ധാരാളമായി കേൾക്കുവാനുള്ള അവസരം ഒരുക്കൽ | കാർട്ടൂൺ പ്രദർശനം സിനിമാ പ്രദർശനം<br><br>ളിഴഹശവെ റമ്യ ളിഴഹശവെ മലൈായഹ്യ. | മാസത്തിൽ ഒന്ന്<br><br>ആഴ്ചയിൽ ഒന്ന് | SRG<br><br>Class Teacher | S S A |

Downloaded from: https://textbooksall.blogspot.com/

**മേഖല - അക്കാദമികം**

**ഉപമേഖല - ഇംഗ്ലീഷ്**

**ക്ലാസ് - II**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആത്മ വിശ്വാസ ത്തോടെ ഇംഗ്ലീഷ് ഭാഷ സംസാരി ക്കുവാനുള്ള അവസരമൊരു ക്കൽ | Let's talk...... പ്രതിഭാധനരുമായി സംവദിക്കൽ.<br>English ബാലസഭ.<br>ഇംഗ്ലീഷ് അസംബ്ലി One day English | മൂന്ന് മാസ ത്തിൽ ഒന്ന്<br>മാസത്തിൽ ഒന്ന്<br>ആഴ്ചയിൽ ഒന്ന് | SRG<br>Class Teacher<br>SMC | S S A |

Downloaded from: https://textbooksall.blogspot.com/

**മേഖല - അക്കാദമികം**

**ഉപമേഖല - ഇംഗ്ലീഷ്**

**ക്ലാസ്- III**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വായന - ആശയ മറിഞ്ഞും ഒഴു ക്കോടെയും | ക്ലാസ് ലൈബ്രറി വികസനം. | ജൂൺ - മാർച്ച് | ജഠഅ | S S അ<br>S ങ ഇ |
| | വാർത്താവായനാ മത്സരം സംഘടി പ്പിക്കൽ | മാസത്തിൽ ഒന്ന് | ഠലമരവലൃ | Sമേളള |
| | വായനാക്യാമ്പു കൾ | 3 മാസത്തിൽ ഒന്ന് | S S അ | S S അ |
| | ബാല പ്രസിദ്ധീ കരണങ്ങളുടെ വായന | ജൂൺ - മാർച്ച് | ഇഹമലൈ ഠലമരവലൃ | S ങ ഇ |

Downloaded from: https://textbooksall.blogspot.com/

# English – Std IV

| ഇംഗ്ലീഷ് അസംബ്ലി (ഇംഗ്ലീഷ് ഭാഷാ പഠനം) | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും സംസാരിക്കാനും എഴുതുവാനുമുള്ള ശേഷി മെച്ചപ്പെടുത്തൽ | ആഴ്ചയിൽ രണ്ടു ദിവസം അസംബ്ലി ചേരൽ (അസംബ്ലിയുടെ മുഴുവൻ നിയന്ത്രണവും കുട്ടികൾക്ക്) | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | |
| **ഇംഗ്ലീഷ് ഡയറി (ഇംഗ്ലീഷ് ഭാഷാ പഠനം)** | | | | |
| തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി | നിത്യവും വീട്ടിലും വിദ്യാ ലയത്തിലും നടത്തുന്ന പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഡയറി കുറിപ്പായി എഴുതൂ. | ആഴ്ചയിൽ മൂന്നു ദിവസം (വർഷം മുഴുവൻ) | ക്ലാസ് ടീച്ചർ | |
| **ഇംഗ്ലീഷ് തിയേറ്റർ (ഇംഗ്ലീഷ് ഭാഷാ പഠനം)** | | | | |
| സർഗാത്മകതാ പരിപോഷണം | ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാര രൂപങ്ങളാക്കി അവതരിപ്പിക്കൽ (Skit, Drama, Conversation, Story Telling) | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ | S M C |
| **ഇംഗ്ലീഷ് മാഗസിൻ** | | | | |
| സർഗാത്മകതാ രചനശേഷി വികസനം | മൂന്നു മാസം കൂടുമ്പോൾ കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തിക്കൊണ്ട് മാസിക തയ്യാറാക്കൽ | മൂന്ന് മാസത്തിലൊരിക്കൽ | HM<br>Class Teacher<br>SMC | S M C |

Downloaded from: https://textbooksall.blogspot.com/

| | | | | |
|---|---|---|---|---|
| **ഇംഗ്ലീഷ് കൈയെഴുത്ത്** | | | | |
| ഇംഗ്ലീഷ് ഭാഷയിലുള്ള രചനാ മികവ് | സ്കൂളിലെ വിശേഷ ദിവസങ്ങളിലെ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് സുഹൃത്തുക്കളുമായി കത്തിടപാട് | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ | PTA |
| **ഇംഗ്ലീഷ് കോർണർ** | | | | |
| വായനാ പരിപോഷണം | കുട്ടികളുടെ നിലവാരത്തിനനുസരിച്ച പുസ്തകങ്ങൾ ഉൾക്കൊള്ളിച്ച് വായനാ മൂല ഒരുക്കൽ<br><br>വായനാവേള ഒരുക്കൽ<br><br>വായനാകുറിപ്പ് - പുസ്തക പരിചയം | രണ്ടാഴ്ചയിൽ ഒന്ന് | ക്ലാസ് ടീച്ചർ | രക്ഷിതാക്കൾ |
| **ഇംഗ്ലീഷ് ഫെസ്റ്റ്** | | | | |
| ഇംഗ്ലീഷ് നന്നായി പറയുവാനും എഴുതുവാനും കഴിയുന്ന നിലവാരത്തിലെത്തിക്കൽ (ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നതിൽ ആത്മവിശ്വാസമുണ്ടാക്കൽ) | വായനാ മത്സരം രചനാ മത്സരം മറ്റു സർഗാത്മക പ്രവർത്തനങ്ങളുടെ അവതരണം | അവധിക്കാലം | ഒങ<br>ഇഹമൈ<br>ഠലമരവല്യ<br>ടങഇ<br>ഇഹമൈ ജഠഅ | ജഠഅ ഋീറ<br>ടങഇ |

# അക്കാദമിക മാസ്റ്റർ പ്ലാൻ മലയാളം ഒന്നാം തരം

| ലക്ഷ്യം | പഠന പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| 1. )ബാലകവിതകളും കുട്ടിപ്പാട്ടുകളും കേട്ടും വായിച്ചും ആസ്വദിക്കുന്നതിനുള്ള കഴിവ് നേടുന്നു. | വൈവിധ്യമുള്ള പ്രമേയങ്ങളുമായി ബന്ധപ്പെട്ട പാട്ടുകൾ, കഥാഗാനങ്ങൾ എന്നിവ ശ്രദ്ധയോടെ കേട്ട് വിവിധ രീതികളിൽ പ്രതികരിക്കുന്നു(അഭിനയം, താളമിടൽ, ഏറ്റുചൊല്ലൽ മുതലായവ)<br><br>കുട്ടിപ്പാട്ടുകളിലെയും ബാലകവിതകളിലെയും അക്ഷരങ്ങളുടെയും പദങ്ങളുടെയും ആവർത്തനം കണ്ടെത്തുന്നു.<br><br>കവിതകൾ കേട്ട് ഗ്ര ഹിച്ച് ആശയം സ്വന്തം ഭാഷയിൽ പറയുന്നു.<br><br>പരിചയപ്പെട്ടതും സഹപാഠികൾ അവതരി പിപ്പിച്ചതുമായ ചെറുപാട്ടുകൾ, കവിതകൾ എന്നിവ ആസ്പദമാക്കി ചിത്രങ്ങൾ വരയ്ക്കുന്നു.<br><br>ചിത്രങ്ങൾക്ക് അനുയോജ്യമായ വരികൾ കണ്ടെത്തി എഴുതുന്നു.<br><br>ചിത്രങ്ങളെയും വരികളെയും തമ്മിൽ ബന്ധി പ്പിക്കുന്നു.<br><br>പ്രമേയവുമായി ബന്ധപ്പെട്ട പരിചിതമായ മറ്റു പാട്ടുകൾ പങ്കിടുന്നു | ജൂൺ മുതൽ ഒക്ടോബർ വരെ |
| 2. ലളിതമായ കവിതകളും പാട്ടുകളും ആസ്വാദ്യതയോടെ ചൊല്ലി അവതരിപ്പിക്കുന്നു | ഭാവം, ആഗ്യം എന്നിവയോടെ പാട്ടുകളും കവിതകളും അവതരിപ്പിക്കുന്നു.<br><br>സംഭാഷണ ഗാനങ്ങൾ, ചോദ്യോത്തരപ്പാട്ടുകൾ എന്നിവ സദസ്സിനു മുമ്പാകെ അവതരിപ്പിക്കുന്നു. | ജൂലൈ മുതൽ നവംബർ വരെ |

| | | |
|---|---|---|
| **3.** സ്വന്തമായി ചെറുകവിതകളും പാട്ടുകളും നിർമ്മിക്കുന്നതിന് കഴിവ് നേടുന്നു | പാട്ടുകളുടെയും കവിതകളുടെയും താളം, ആശയം ഉൾക്കൊണ്ട് തുടർ വരിക ളിൽ പുതിയ വാക്കുകൾ ചേർത്ത് പൂരിപ്പിക്കുന്നു.<br><br>ഇഷ്ടപ്പെട്ട പ്രമേയത്തെ ആസ്പദമാക്കി തന്റേതായ രീതിയിൽ കവിതകളും പാ ട്ടുകളും നിർമ്മിക്കുന്നു. | ഒക്ടോബർ മുതൽ മാർച്ച് വരെ |
| **4.** തന്റെ അനുഭവങ്ങളും ചിന്തകളും ആശയങ്ങളും പരിചിത അക്ഷരങ്ങൾ ഉപയോഗിച്ച് ലളിതമായ വാക്യ ങ്ങളിൽ എഴുതി പ്രകടിപ്പിക്കുന്നതിനു ള്ള കഴിവ് നേടുന്നു | മലയാളം ലിപികൾ അംഗീകൃത രീതിയിൽ (അക്ഷരങ്ങളുടെ വലിപ്പം, ആലേഖന ക്രമം) സഹായത്തോടെ എഴുതി തീമുകളുമായി ബന്ധപ്പെട്ട സന്ദർഭങ്ങളിലെ വാക്കുകളും ചെറു വാക്യങ്ങളും പൂർത്തിയാക്കുന്നു.<br><br>അക്ഷരങ്ങളുടെയും വാക്കുകളുടെ യും പുനരനുഭവസന്ദർഭങ്ങളിൽ തെളിവെടുത്ത് എഴുതുന്നു.<br><br>തീമുകളുമായി ബന്ധപ്പെട്ട് നടത്തിയ കരട് രചനകളി ലെ വാക്കുകളും ചെറുവാ ക്യങ്ങളും ഒറ്റയ്ക്കും കൂട്ടായും വായിച്ച് മെച്ചപ്പെടുത്തിയെ ഴുതുന്നു.<br><br>സംയുക്തരചനാസന്ദർഭങ്ങളിൽ പങ്കാളിയാകുന്നു | ഒരു വർഷം |
| **5.** കേട്ടതോ വായിച്ചതോ ആയ കഥകളിലെ പ്രധാന സംഭവങ്ങൾ, കഥാപാത്രങ്ങൾ, കഥാഗതി എന്നിവ ഗ്രഹി ക്കുന്നതിനുള്ള | കഥയിലെ സംഭവങ്ങളെ ആസ്പദമാക്കി ചിത്രം വരയ്ക്കുന്നു.<br><br>കഥയിലെ നിശ്ചിത സന്ദർ ഭത്തെ ആസ്പദമാക്കി കഥാ | ജൂൺ മുതൽ സെപ്റ്റംബർ വരെ |

| | | |
|---|---|---|
| കഴിവ് നേടുന്നു. | പാത്രങ്ങൾ തമ്മിലുള്ള സംഭാഷണം രൂപപ്പെടു ത്തുന്നു.<br><br>പരിചിതമായ കഥകളെ ചിത്രകഥാ രൂപ ത്തിലാക്കുന്നു | |
| **6.** ക്ലാസ് നിലവാരത്തിനനുസരിച്ച് വായന സാമഗ്രികൾ പരസഹായം ഇല്ലാതെ വായിക്കുന്നു. | സചിത്രബാലസാഹിത്യ കൃതികളിലെ ചിത്രങ്ങൾ വ്യാഖ്യാനിക്കുന്നു<br><br>സന്ദർഭങ്ങളിൽ നിന്നും അപരിചിത പദങ്ങളുടെ അർത്ഥം ഊഹിക്കുന്നു<br><br>ലളിതമായ രചനകൾ മറ്റുള്ളവർക്കായി അംഗീകൃത ഉച്ചാരണമാതൃ കകൾ പ്രകാരം വ്യക്തതയോടെ വായിക്കുന്നു.<br><br>തലക്കെട്ടുകൾ, മുഖചിത്രം എന്നിവ വ്യാഖ്യാനിച്ച് ഉള്ളടക്കം എന്തായി രിക്കും എന്ന് പ്രവചിക്കുന്നു.<br><br>വായിച്ചുഗ്രഹിച്ച പാഠത്തിലെ ചുരുക്കം അവതരിപ്പിക്കുന്നു | ഒരു വർഷം |
| **7.** )ഭാഷ കേളികളിൽ ഏർപ്പെടുന്നതിനുള്ള കഴിവ് നേടുന്നു. | കടങ്കഥകേളികളിൽ ഏർപ്പെടുന്നു.<br><br>ചോദ്യോത്തരപാട്ടുകൾ അവതരിപ്പിക്കുന്നു.<br><br>നാവു വഴങ്ങുന്നതിനുള്ള കുട്ടിപ്പാട്ടുകൾ ചൊല്ലി രസിക്കുന്നു.<br><br>വാക്കുകളുടെ ആവർത്തനമുള്ള കുട്ടിപ്പാ ട്ടുകൾ ചൊല്ലിയവതരിപ്പിക്കുന്നു. | ഒരു വർഷം |

# അക്കാദമിക മാസ്റ്റർ പ്ലാൻ മലയാളം ഒന്നാം തരം

| | | |
|---|---|---|
| **8.** വസ്തുക്കൾ, സംഭവങ്ങൾ, വ്യക്തികൾ, അനുഭവങ്ങൾ എന്നിവയെക്കുറിച്ച് വിവരണം നടത്തുന്നതിന് കഴിയുന്നു. | ശബ്ദരഹിത വീഡിയോ കൾ കണ്ട് ആശയം പറയുന്നു.<br><br>ഓരോ ദിവസത്തെയും മനസ്സിൽ തങ്ങിയ അനു ഭവങ്ങളുമായി ബന്ധ പ്പെട്ട പ്രധാനകാര്യങ്ങ ൾ ചെറുവാക്യങ്ങളിൽ ചിത്രീകരണസഹിതം സഹായത്തോടെ ഡയ റിരൂപത്തിൽ രേഖപ്പെ ടുത്തുന്നു. (സംയുക്ത ഡയറി)<br><br>പരിചിതമായ കാര്യങ്ങളെക്കുറിച്ച് പ്രധാനവിവരങ്ങൾ ചേർത്ത് ചെറുവിവരണം തയ്യാറാക്കുന്നു | ആഗസ്റ്റ് മുതൽ ഡിസംബർ വരെ |

# ACADEMIC MASTER PLAN ENGLISH CLASS 1

| OBJECTIVES AND LEARNING OUTCOMES | ACTIVITIES | PERIOD |
|---|---|---|
| 1. Respond to simple instructions in the classroom. | Introducing simple words<br>provides picture cards<br>Identify familiar words | June to July |
| 2. Describe orally about the picture and object. | say familiar words<br>Read familiar words<br>Write familiar words | June to July |
| 3. Familiarise with simple words | Read write familiarise words | August |
| 4. Enjoy songs and sings them with rhythm and action . | Enjoy songs and sings them with rhythm and action .<br>Describe orally about picture and objects using adjectives. | September to October |
| 5. Familiarise the name of birds animals their young ones and identify them from pictures.<br>6. | Read and write simple words & sentences<br>provides picture cards and reading cards<br>Introduce simple picture descriptions and make word chain sentence chain<br>Make riddles.<br>Describing words rhyming words<br>Textbook activities<br>Prepare reading cards<br>Provide more opportunities to read write and speak English<br>Write five English words daily<br>Read and understand simple instructions in the classrooms<br>Encourage digital reading<br>Enjoy song and sing with the rhythm and action<br>Make picture albums<br>Collect pictures of animals and young ones<br>provide the opportunity to express myself in the classroom<br>English assembly once a week<br>Speak English fluently<br>Read and write simple sentences<br>Picture reading and picture description. | November to March |

## ACADEMIC MASTER PLAN ENGLISH CLASS 1

| | | |
|---|---|---|
| | | |

# അക്കാദമിക മാസ്റ്റർ പ്ലാൻ പരിസര പഠനം ഒന്നാം തരം

| ലക്ഷ്യം | പഠന പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| 1. നിരീക്ഷണം, തരം തിരിക്കൽ, താരതമ്യം ചെയ്യൽ, നിഗമനരൂപീകരണം എന്നതിന് കഴിവ് നേടുന്നു. | ചുറ്റുപാടുമുള്ള പക്ഷികളെ നിരീക്ഷിച്ച് പ്രത്യേകതകൾ കണ്ടെത്തുന്നു. നിഗമ നങ്ങളിൽ എത്തിച്ചേരുന്നു. തൂവലുകൾ കണ്ടാൽ പക്ഷി ഏതാണെന്ന് ഊഹിക്കാൻ കഴിയുന്നു. പ്രത്യകതകളുടെ അടിസ്ഥാനത്തിൽ പക്ഷികളെ താരതമ്യം ചെയ്യുന്നു.<br><br>പക്ഷിമുട്ടകൾ നിരീക്ഷിച്ച് പ്രത്യേകതകൾ കണ്ടെത്തുന്നു.<br><br>പൂക്ക ളുടെ സവിശേഷതകൾ കണ്ടെത്തുന്നു, കണ്ടെത്തിയ സവിശേഷതകളുടെ (നിറം, വലിപ്പം) അടിസ്ഥാനത്തിൽ പൂക്കളെ തരംതിരിക്കുന്നു. പട്ടികപ്പെടുത്തുക. ഇത ളുകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ ക്രമീകരിക്കുന്നു. അവ വിശകലനം ചെയ്ത് നിറം, വലിപ്പം, ഇതളുകളുടെ എണ്ണം, മണം എന്നീ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ പൂക്കളിൽ വൈവിധ്യമുണ്ടെന്ന നിഗമനത്തിലെത്തിച്ചേരുന്നു.<br><br>നാട്ടിൽ കാണുന്ന ജീവികളെ വീട്ടിൽ വളർത്തുന്നത് എന്നും അല്ലാത്തവ എന്നും തരംതിരിക്കുന്നു.<br><br>ചുറ്റുമുള്ള ജീവികളെ നേരിട്ടും ചിത്രത്തിലൂ ടെയും നിരീക്ഷിച്ച് ജലത്തിൽ ജീവിക്കുന്നവ അല്ലാത്തവ എന്നിങ്ങ നെ തരം തിരിക്കുന്നു.<br><br>നമുക്ക് ചുറ്റുമുള്ള വ്യത്യ സ്ത പഴങ്ങൾ നിരീക്ഷിച്ച് അതിന്റെ സവിശേഷതകൾക്ക് അനുസരിച്ച് തരം തി രിക്കാൻ (നിറം, വലുപ്പം, വിത്തുകളുടെ എണ്ണം. രുചി) | ജൂൺ മുതൽ മാർച്ച് വരെ |

# അക്കാദമിക മാസ്റ്റർ പ്ലാൻ പരിസര പഠനം ഒന്നാം തരം

| | | |
|---|---|---|
| 2. വിവരശേഖരണം രേഖപ്പെടുത്തൽ എന്നിവയ്ക്ക് കഴിവ് നേടുന്നു | പക്ഷികളുടെ ആൽബം തയ്യാറാക്കുന്നു. പക്ഷികളുടെ ആഹാരരീതിയെ കുറച്ച് അന്വേഷിച്ചറിയുന്നു.<br>ജീവികളുടെ ചിത്രങ്ങൾ ശേഖരിച്ചും/ സ്വന്ത മായി വരച്ചുണ്ടാക്കിയും അവയെക്കുറിച്ചുള്ള വിവരങ്ങൾ അന്വേഷിച്ചു രേഖപ്പെടുത്തിയും ആൽബം തയ്യാറാക്കുന്നു.<br><br>കൊതുക് പെരുകാതിരിക്കാനുള്ള മാർഗ്ഗം കണ്ടെത്തിയെഴുതുന്നു.<br><br>പൊതുവാഹനങ്ങളിൽ കയറുമ്പോൾ പാലിക്കേണ്ട മര്യാദകൾ കണ്ടെത്തുന്നു. | ജൂൺ മുതൽ മാർച്ച് വരെ |
| 3. പരസ്പരബന്ധം കണ്ടെത്തൽ, ശാസ്ത്രീയ വസ്തു തകളുടെ അടിസ്ഥാന ത്തിൽ പ്രവചിക്കൽ | പൂക്കളില്ലാതെയായാൽ ജീവജാലങ്ങൾ ക്ക് എന്തു സംഭവിക്കുമെന്ന് പ്രവചിക്കുന്നു.<br><br>വീട്ടിൽ വളർത്തുന്ന ജീവികളെ മുട്ടയ്ക്ക്, പാലിന്, മാംസത്തിന്, വിനോദത്തിന് എന്നിങ്ങനെ മാനദണ്ഡങ്ങൾ രൂപീകരിക്കുന്നു.<br><br>പരിചിതമായ കളികളുടെ പ്രത്യേകതകൾ പറയുന്നു. | ഒരു വർഷം |
| 4. പരീക്ഷണങ്ങളിൽ ഏർപ്പെടുന്നതിന് കഴിവ് നേടുന്നു. | മുട്ടയുടെയും പക്ഷി തൂവലുകളുടെയും പരീക്ഷണം.<br><br>ആഹാരസാധനങ്ങളിലെ ചേരുവകൾ മാറുന്നതിനനുസരിച്ച് രുചി വ്യത്യാ സപ്പെടുന്നു എന്ന് ചെയ്തു നോക്കി ബോധ്യപ്പെടുന്നു. തൈരിൽ ഉപ്പ് ചേർത്തും പഞ്ചസാര ചേർത്തും രുചിവ്യത്യാസം കണ്ടെത്തുന്നു. | ഒരു വർഷം |

# അക്കാദമിക മാസ്റ്റർ പ്ലാൻ പരിസര പഠനം ഒന്നാം തരം

| | | |
|---|---|---|
| | ജീവജാലങ്ങൾക്ക് പൂക്കളെ തിരിച്ചറി യുന്നതിന് നിറവും മണവും വലുപ്പവും സഹായിക്കുന്നു എന്ന് കണ്ടെത്തുന്നു | |
| 5. ശേഖരിച്ച വിവരങ്ങൾ പട്ടികപ്പെടുത്തുന്നതിന് കഴിവ് നേടുന്നു | കാലാവസ്ഥയ്ക്ക് അനുയോജ്യമായ വസ്ത്രങ്ങൾ.<br><br>യൂണിഫോം ധരിക്കേണ്ട തൊഴിലുകൾ.<br><br>ചെറുജീവികൾ.<br><br>നമ്മുടെ പ്രദേശത്ത് കൃഷി ചെയ്യുന്ന പച്ചക്കറികൾ.<br><br>പച്ചക്കറികളെ ഭക്ഷ്യയോഗ്യമായ ഭാഗങ്ങളുടെ അടിസ്ഥാനത്തിൽ. | ഒരു വർഷം |

# അക്കാദമിക മാസ്റ്റർ പ്ലാൻ ഗണിതം ഒന്നാം തരം

| ലക്ഷ്യം | പഠന പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| 1. ഒന്നു മുതൽ പൂജ്യം വരെയുള്ള സംഖ്യകൾ എഴുതി എണ്ണത്തെ പകുതി തുല്യം കൂടുതൽ കുറവ് എന്നിങ്ങനെ വിശദീകരിക്കുന്നു.സം ഖ്യ വ്യാഖ്യാനം | സംഖ്യകൾ തിരിച്ചറിയുന്നു പറയുന്നു.<br>സംഖ്യാ കാർഡ് നിർമ്മിക്കുന്നു | ജൂൺ |
| 2. ഒരക്ക സംഖ്യകൾ എണ്ണിയെടുക്കുന്നു .ഒമ്പതിൽ താഴെ വരെയുള്ള വ്യത്യസ്ത സംഖ്യകളിൽ ഒരു സംഖ്യയോട് എത്ര കൂട്ടിയാൽ തന്നിരിക്കുന്ന വലിയ സംഖ്യ കിട്ടും എന്ന് കണ്ടെത്തി പറയുന്നു | ഗണിത പഠനത്തിന് സഹായകരമായ തരത്തിൽ വസ്തുക്കൾ ഉപയോഗിച്ച് ഗണിത കിറ്റ് തയ്യാറാക്കുന്നു.<br>.സംഖ്യ കാർഡ് തയ്യാറാക്കുന്നു. | ജൂലൈ |
| 3. സംഖ്യകൾ ആരോഹണ അവരോഹണ ക്രമത്തിൽ ആക്കുന്നു | ഒന്നു മുതൽ 20 വരെ സംഖ്യകൾ തിരിച്ചറിയുന്നു<br>കൂടുതൽ കുറവ് തിരിച്ചറിയുന്നു<br>ഗണിത കിറ്റിലെ സാധനങ്ങൾ ഉപയോഗിച്ച് ഗണിത പ്രവർത്തനത്തിൽ ഏർപ്പെടുന്നു. | ആഗസ്റ്റ് |
| 4. രണ്ട് ഒരക്ക സംഖ്യകളുടെ സംങ്കലനം | സംഖ്യാ ഗാനങ്ങൾ ആസ്വദിക്കൽ<br>ഒരക്ക സംഖ്യകൾ തമ്മിൽ സങ്കലിനക്രിയകൾ നടത്തൽ. | സെപ്റ്റംബർ |
| 5. രണ്ട് ഒരൊക്ക സംഖ്യകളുടെ വ്യവകലനക്രിയകൾ നടത്തൽ | വ്യവകലനക്രിയകൾ നടത്തൽ.<br>ഒന്നിനോടൊന്നു കൂട്ടിയാൽ മറ്റൊരു സംഖ്യ കിട്ടും എന്ന തിരിച്ചറിവ്. | ഒക്ടോബർ |
| 6. ഒന്നു മുതൽ 20 വരെ ഉള്ള സംഖ്യകൾ എണ്ണുകയും എഴുതുകയും | സംഖ്യ ഗാന ആലാപനം<br>സംഖ്യ ബോധം | നവംബർ |

# അക്കാദമിക മാസ്റ്റർ പ്ലാൻ ഗണിതം ഒന്നാം തരം

| | | |
|---|---|---|
| വായിക്കുകയും ചെയ്യുന്നു.<br><br>7. ഒരൊക്ക സംഖ്യ പാറ്റേൺ രൂപീകരിക്കൽ. | ഒരൊക്ക സംഖ്യ ഇരട്ടസംഖ്യ തിരിച്ചറിയൽ<br><br>'ഒന്നിടവിട്ട സംഖ്യകളാണ് ഒറ്റസംഖ്യ , ഇരട്ടസംഖ്യ എന്ന് തിരിച്ചറിവ് '<br><br>വലിയ സംഖ്യ ചെറിയ സംഖ്യ തിരിച്ചറിയൽ. ഉല്ലാസ ഗണിത പ്രവർത്തനങ്ങൾ. | ഡിസംബർ |
| 8. ഒരക്കസംഖ്യയും രണ്ടക്കസംഖ്യയും ഉൾപ്പെടുന്ന ലളിത ഗണിത പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്നതിനുള്ള കഴിവ് നേടുന്നു | ഒരക്കസംഖ്യയും രണ്ടക്കസംഖ്യയും തമ്മിലുള്ള സങ്കലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.<br>സംഖ്യകൾ ആരോഹണ അവരോഹണ ക്രമത്തിൽ എഴുതൽ<br><br>ഗണിത ആൽബം<br><br>സങ്കലന വ്യവകലന ചിഹ്നം തിരിച്ചറിയുന്നു<br><br>സംഖ്യ വ്യാഖ്യാനം<br><br>ഗണിത ആൽബ പ്രദർശനം .<br>വിലവിവര പട്ടിക പ്രശ്ന വിശകലനത്തിൽ ഏർപ്പെടുന്നു.<br>ഗണിത പ്രശ്നവുമായി ബന്ധപ്പെട്ട വർക്ക് ഷീറ്റ് complete ചെയ്യുന്നു. ലളിത ഗണിതക്രിയകളിൽ ഏർപ്പെടുന്നു<br>ഉല്ലാസ ഗണിത പ്രവർത്തനം<br>സംഖ്യകൾ പകുതി തുല്യം എന്നിവ തിരിച്ചറിയുന്നു. | ജനുവരി മുതൽ മാർച്ച് വരെ |

# <u>അക്കാദമിക മാസ്റ്റർ പ്ലാൻ</u>
# <u>ഗണിതം Std 2</u>

## <u>ആമുഖം</u>

ഗണിത പഠനം രസകരവും ആസ്വാദ്യകരവുമായി കുട്ടി കൈകാര്യം ചെയ്യണം എന്നത് മുന്നിൽ കണ്ടുകൊണ്ട് തന്നെയാണ് " ഉല്ലാസ ഗണിതം" പദ്ധതിയും മുന്നോട്ടു വന്നത്. ഓരോ പഠന നേട്ടത്തിലൂടെയും ഗണിതാശയങ്ങൾ ഉൾക്കൊണ്ട് തന്നെയാവണം കുട്ടി പഠിക്കേണ്ടത് എന്നതിന് ഒരു മാർഗ്ഗ സഹായിയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ. ഗണിത പ്രവർത്തനത്തിലും തത്പരമായി നേടിയെടുക്കേണ്ടവ നേടിയെടുക്കുക .തന്നെയാണ് ലക്ഷ്യം മുന്നോട്ട് വയ്ക്കുന്നത്.

<u>പ്രവർത്തന ലക്ഷ്യങ്ങൾ</u>

-രണ്ടാം ക്ലാസിലെ കുട്ടിയെ 100 വരെയുള്ള സംഖ്യാബോധം, സംഖ്യകളെ വ്യാഖ്യാനിക്കാനും, സങ്കലനം,വ്യവകലനം, പ്രശ്നാപഗ്രഥനം എന്നിങ്ങനെയുള്ള ശേഷി ഉറപ്പാക്കൽ.
-സംഖ്യാബോധവും ക്രിയാശേഷികളും എല്ലാവരിലും നേടിയെടുക്കുന്നതിന്.
- ഗണിത കിറ്റ് ഉപയോഗിച്ച് ഗണിതാശയങ്ങൾ ഉറപ്പിക്കൽ
- ഒരു നിശ്ചിത സംഖ്യയിൽ നിന്ന് ക്രമമായി എണ്ണുന്നു ,എഴുതുന്നു. (100 ൽ താഴെ)
- ഒരു സംഖ്യയോട് മറ്റൊരു സംഖ്യ കൂട്ടിയാൽ വ്യത്യസ്ത തരത്തിൽ ഉത്തരങ്ങൾ കൈവരിക്കാൻ ആകും എന്ന മേഖലയിൽ എത്തിച്ചേരൽ
- പ്രായോഗികഗണിതപ്രശ്നങ്ങൾ പരിഹരിക്കുന്നു. വ്യത്യസ്ത രീതിയിൽ പ്രയോഗപ്പെടുത്തൽ

<u>മുന്നൊരുക്കം</u>

-ഗണിതാശയങ്ങളിൽ കുട്ടി കൈവരിച്ചവ തിരിച്ചറിയൽ പ്രവർത്തനങ്ങൾ നടത്തുന്നു.

<u>പ്രവർത്തന ലക്ഷ്യം</u>
- പ്രായോഗിക ഗണിത പ്രശ്നങ്ങൾ പരിഹരിക്കുന്നു. വ്യത്യസ്ത രീതിയിൽ പ്രയോജനപ്പെടുത്തൽ

<u>ജൂൺ</u>
-1, 2, 3, 4 ......
1,3,5,7....

10,20,30,40,....
5,10,15,20....
2,4,6,8.... തുടങ്ങിയ പാറ്റേണുകളിലെ സംഖ്യാബോധം കണ്ടെത്തൽ
- ഒരു സംഖ്യയോട് കൂട്ടുമ്പോൾ തൊട്ടടുത്ത സംഖ്യയും ,1 കുറച്ചാൽ തൊട്ട് മുമ്പുള്ള സംഖ്യയും കിട്ടും എന്ന തിരിച്ചറിവ് ഉണ്ടാക്കൽ .

ജൂലൈ

- ഒരു കൂട്ടം വസ്തുക്കളോട് അതേ ഇനത്തിൽപ്പെട്ട മറ്റൊരു കൂട്ടം വസ്തുക്കൾ ചേർത്ത് ആദ്യ കൂട്ടത്തിന്റെ തുടർച്ചയായി എണ്ണി ആകെ എണ്ണം പറയൽ.
- ഗണിത കിറ്റ് എല്ലാ കുട്ടികളിലും ഉറപ്പാക്കൽ
-പത്തിന്റെയും ഒന്നിന്റെയും കൂട്ടങ്ങൾ ചേർത്ത് രണ്ടക്ക സംഖ്യകൾ രൂപീകരിക്കൽ (5+5 = 10, 10+10= 20)

ആഗസ്റ്റ്

- വിവിധ പാറ്റേണുകൾ രൂപീകരിക്കൽ
- സംഖ്യകളുടെ പ്രതേകതകൾ കണ്ടെത്തൽ
99 നോട് 1 കൂട്ടിയാൽ 100
10 പത്തുകൾ ചേർന്നാൽ 100 ആകും
100 ഒന്നുകൾ ചേർന്നതാണ് 100
-ഓരോ സംഖ്യകളെയും പ്രായോഗിക ഗണിതാശയ തലങ്ങളിൽ ഉൾപ്പെടുത്താനുള്ള കൂടുതൽ പ്രവർത്തനങ്ങൾ കണ്ടെത്തൽ

സെപ്റ്റംബർ

- ഗണിത ക്കിറ്റിലെ സാധനങ്ങൾ നിരത്തി പ്രായോഗിക പ്രശ്നം പരിഹരിക്കൽ
- വിലവിവരപട്ടിക തയ്യാറാക്കൽ
- ക്ലാസിലൊരുകട സ്കൂളിലൊരു കട.ഗണിതാശയങ്ങൾ പ്രായോഗികരീതിയിലൂടെ ഉറപ്പിക്കുന്നു.

ഒക്ടോബർ

- രണ്ടക്ക സംഖ്യകൾ ഉൾപ്പെടുന്ന പ്രായോഗികപ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു
- സങ്കലന വ്യവകലനക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ

-സംഖ്യാ പാറ്റേണുകൾ രൂപീകരിക്കൽ (പാറ്റേണിലെ സംഖ്യകൾക്ക് തമ്മിൽ നിശ്ചിത ബന്ധമുണ്ടെന്ന് കണ്ടെത്തൽ, പ്രായോഗിക പ്രശ്നം ഉറപ്പിക്കൽ)
5...10.... 15.... 20... 25
(5 വീതം കൂട്ടിയാൽ പ്രശ്ന വിശകലനം ചെയ്യാം)

<u>നവംബർ</u>

-സ്ഥാന വില തിരിച്ചറിയൽ (ഒന്ന്, പത്ത്)
-പ്രായോഗിക പ്രശ്നപരിഹാരത്തിനായ് കളിനോട്ടുകൾ പേപ്പർ മുഖേന വെട്ടി തയ്യാറാക്കി സംഖ്യ എഴുതൽ
-നോട്ടുകളും നാണയങ്ങളും തിരിച്ചറിയൽ, കൂട്ടി ചേർത്ത് സംഖ്യരൂപീകരിക്കൽ
10 രൂപ +5 രൂപ = 15 രൂപ
നോട്ട് നാണയം

<u>ഡിസംബർ</u>

-സംഖ്യാബോധം തിരിച്ചറിവിൽ- സംഖ്യാ വ്യാഖ്യാനം ഉറപ്പാക്കൽ.
-സ്ഥാന വില പ്രശ്നം പരിഹരിക്കുന്നതിനായി (സ്ഥാനവില പോക്കറ്റ്, അബാക്കസ് നിർമിക്കൽ)
- രണ്ടക്കസംഖ്യകളുടെ തുക കണ്ടെത്താനായി വ്യത്യസ്ത രീതികൾ ഉപയോഗിക്കുന്നു.

<u>ജനുവരി</u>

- വിലവിവരപ്പട്ടിക തയ്യാറാക്കൽ. വിവരങ്ങൾ ക്രോഡീകരിച്ച് പട്ടികപ്പെടുത്തൽ, പട്ടികയിലെ വിവരങ്ങൾ കണ്ടെത്തി പറയൽ
പ്രശ്നം നിർധാരണം ചെയ്ത് തുക കണ്ടെത്തൽ രീതികൾ
- സങ്കലനവ്യവകലനക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യൽ

<u>ഫെബ്രുവരി</u>

- ഉല്ലാസ ഗണിതം materials ഉപയോഗിച്ച് ഗണിത പ്രശ്നങ്ങൾ പരിഹരിക്കൽ.
ഗണിത പഠനം കളിരീതിയിൽ ഉറപ്പാക്കി വിജയം കൈവരിക്കൽ

<u>മാർച്ച്</u>

- കലണ്ടറിൽ ചുവന്ന അക്കങ്ങളും കറുത്ത അക്കങ്ങളും തിരിച്ചറിവ്. മാസത്തിൽ ദിവസങ്ങളുടെ വ്യത്യാസം കണ്ടെത്തൽ
- കലണ്ടർ സംഖ്യാ ബന്ധങ്ങൾ പാറ്റേണുകൾ രൂപീകരിക്കൽ
-കലണ്ടർ നോക്കി സംഖ്യകൾ താരതമ്യം ചെയ്യൽ.
-ഗണിതാശയങ്ങൾ പ്രായോഗിക പ്രശ്നത്തിലൂടെ കൈകാര്യം ചെയ്യാൻ പ്രാപ്തരായി കഴിയുക.

# അക്കാദമിക മാസ്റ്റർ പ്ലാൻ
## ക്ലാസ്സ്:2,മലയാളം

**ആമുഖം**

പൊതുവിദ്യാഭ്യാസത്തെ മുഖ്യധാരയിലെത്തിക്കാൻ കുട്ടികളിൽ ഭാഷാ വികാസം, വൈജ്ഞാനിക മേഖല, സർഗാത്മക മേഖല, വൈകാരിക മേഖല എന്നീ മേഖലയിൽ കുട്ടിയുടെ ശേഷി പരിഗണിച്ചാണ് ക്ലാസ്സ്തല 'മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നത്. കുട്ടികൾക്ക് ശേഷി വികസനങ്ങൾ നൽകി കൊണ്ട് ഓരോ കുട്ടിയുടേയും സന്തോഷപ്രദമായ വികാസമാണ് ഈ വർഷം ലക്ഷ്യമിടുന്നത്. എല്ലാ വിഷയത്തിലും നൈപുണി നേടി ഒരു നല്ല വിദ്യാഭ്യാസത്തിന്റെ ഉടമയായി ഓരോ കുട്ടിയും എല്ലാ തലങ്ങളിലും മികവുറ്റവരായി തീരണം. അതാണ് ലക്ഷ്യം.

| യൂണിറ്റ് | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | വിലയിരുത്തൽ | സമയം |
|---|---|---|---|---|
| മഴയോ മഴ | -ഭാഷയുടെ ഉപയോഗം വിവിധ തരത്തിൽ ഉണ്ടെന്ന് ബോധ്യപ്പെടുന്നു.<br>-ജലത്തിന്റെ വിവിധ ഉപയോഗങ്ങൾ, പ്രത്യേകതകൾ ചർച്ച ചെയ്യപ്പെടുന്നു.<br>-ചിത്രീകരണം, നിർമ്മാണപ്രവർത്തനങ്ങൾ എന്നിവയിൽ ഏർപ്പെടുന്നു. | -ശേഖരണം മഴപ്പാട്ടുകൾ, ചിത്രങ്ങൾ, കടങ്കഥകൾ, പഴഞ്ചൊല്ലുകൾ.<br>-കടങ്കഥാകേളി<br>-ജലപരീക്ഷണങ്ങൾ, പരീക്ഷണ ക്കുറിപ്പ്<br>-മഴക്കാലപതിപ്പ് മഴ അനുഭവങ്ങൾ, മഴച്ചിത്രങ്ങൾ<br>-ജലസ്രോതസ്സുകൾ-പോസ്റ്റർ നിർമ്മാണം<br>-പേപ്പർ കുട നിർമ്മാണം | വിവിധ സ്രോതസ്സുകൾ ഉപയോഗപ്പെടുത്തി.<br>ക്രമനുസരണം അവതരണം<br>എല്ലാ കുട്ടികളുടെയും പങ്കാളിത്തം | ജൂൺ |
| നന്നായ് ഉണ്ണാൻ | -ഭാഷയെ ഉച്ചാരണ ശുദ്ധിയോടെ ശബ്ദവ്യതയാനം, മുഖഭാവം | -സംഭാഷണം<br>-കടങ്കഥാനിർമാണം<br>-കൃഷിയുടെ ഘട്ടങ്ങൾ<br>-വിവിധതരം തൊഴിലുകൾ | ആത്മവിശ്വാസത്തോടെ ഭാഷയെ വികസിപ്പിക്കുന്നതിന് സാധിച്ചു. കൃഷിയുടെ ഘട്ട | |

| | | | | |
|---|---|---|---|---|
| | എന്നിവയോടെ അവതരിപ്പിക്കൽ<br>-ആഹാരശീലങ്ങൾമനസ്സിലാക്കി അവയുടെ ഉല്പാദനം ഘട്ടങ്ങൾ അറിയുന്നു.<br>-ഈ ചുറ്റുപാട് നിരീക്ഷിച്ചും അന്വേഷിച്ചും ആഹാരമായ വിളകളെ പരിചയപ്പെടുന്നു. | -ആരോഗ്യം സമ്പത്ത്<br>-കൃഷി ഉപകരണങ്ങൾ<br>-വരികൾ കൂട്ടിച്ചേർക്കാം<br>-മൈദ ഉപയോഗിച്ച് പഴങ്ങൾ, പച്ചക്കറികൾ രൂപങ്ങൾ നിർമ്മാണം | ങ്ങൾ, ഉപകരണങ്ങൾ പരിചയപ്പെട്ടു.<br><br>പരസ്പര സഹായത്തോടെ സഹകരണത്തോടെ നിർമ്മാണം പൂർത്തിയാക്കി | ജൂലൈ |
| എന്താണമ്മേ സ്വാതന്ത്ര്യം | -സ്വന്തം അനുഭവങ്ങളെ ഡയറിക്കു റിപ്പായി എഴുതി അവതരിപ്പിക്കുന്നു.<br>-കവിത ഈണം, താളം എന്നിവ പാലിച്ച് ചൊല്ലി അവതരിപ്പിക്കുന്നു.<br>-കഥ വായിച്ച് ആശയം ഉൾക്കൊണ്ട് ബാക്കിഭാഗം പൂർത്തിയാക്കുന്നു.<br>-ദേശീയ നേതാക്കളുടെ ചിത്രം ശേഖരിച്ച് പതിപ്പ് തയ്യാറാക്കുന്നു. | -അനുഭവക്കുറിപ്പ് തയ്യാറാക്കൽ<br>-കവിത വായിച്ച് ഈണം കണ്ടെത്തൽ<br>-ദേശീയപതാകക്ക് നിറം നൽകൽ<br>-ഗാന്ധിജിയും നെഹ്റുവുമായി ബന്ധപ്പെട്ട ദേശീയ ദിനങ്ങൾ കലണ്ടർ നോക്കി പട്ടികപ്പെടുത്തുന്നു.<br>-ചാച്ചാജി -തൊപ്പി നിർമ്മാണം(ഗ്രൂപ്പ്)<br>-ഗാന്ധിജി, ചാച്ചാജി പ്രച്ഛന്ന വേഷം | ഭാഷ പ്രയോഗം<br><br>ഈണം, താളം<br><br>നിറങ്ങൾ കൃത്യതയോടെ നൽകിയിട്ടുണ്ടോ.<br><br>എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഗ്രൂപ്പിൽ എല്ലാ<br><br>കുട്ടികളും സജീവമായോ. | ആഗസ്റ്റ് |
| പൂരം പൊടിപൂരം | -കഥ, കവിത സ്വന്തമായി വായിച്ച് ആശയം ഗ്രഹിച്ച് ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തുന്നു. | -ചിത്രരചന-ഉത്സവക്കാഴ്ച<br>-ആനക്കൊമ്പൻ കവിത സ്വന്തമായി ചൊല്ലി ആശയം ഗ്രഹിച്ച് ചോദ്യങ്ങൾക്ക് | വരച്ച് നിറം നൽകുന്നു. കവിത വിവിധ ഈണം, താളം ഉപയോഗിച്ച് ചൊല്ലുന്നു. വായിച്ച് | |

| | | | | |
|---|---|---|---|---|
| | -തുള്ളൽപാട്ടുകൾ കേട്ടും പാടിയും ആസ്വദിക്കുന്നു<br>-ഭാഷ പ്രയോഗങ്ങൾ തിരിച്ചറിയുന്നു.<br>-മാലിന്യസംസ്കരണം,മാലിന്യങ്ങളെ തരംതിരിക്കൽ, അവയുടെ നിർമാർജ്ജനം, പുനരുപയോഗം എന്നിവയെക്കുറിച്ച് അവബോധം | ഉത്തരം കണ്ടെത്തുന്നു.<br>-സംഘമായും വ്യക്തിഗതമായും പാഠഭാഗം വായിച്ച് ചോദ്യ-ഉത്തരപയറ്റ് നടത്തുന്നു.<br>-ഉത്സവപ്പറമ്പിലെ കാഴ്ചകൾ അഭിനയം<br>-ICT തുള്ളൽപാട്ട് കേട്ടും പാടിയും ആസ്വദിക്കുന്നു.<br>-മാലിന്യ നിർമ്മാർജ്ജനം, ഹരിതകർമ്മ സേന ചർച്ച മാലിന്യങ്ങളെ തരംതിരിക്കുന്നു. | ആശയഗ്രഹണം നടത്താൻ സാധിച്ചു.<br><br>അഭിനയശേഷി തുള്ളൽപാട്ടി ന്റെ ഈണം മനസിലാക്കുന്നു. നിരീക്ഷിച്ചും അന്വേഷിച്ചും മാലിന്യ സംസ്കരണരീതികൾ തിരിച്ചറിഞ്ഞു. | ആഗസ്റ്റ് |
| രുചിമേളം | -പാഠഭാഗം സ്വതന്ത്രമായി വായിച്ച് ആശയഗ്രഹണം നടത്തുന്നു.<br>-വാക്യഘടന, ക്രമം എന്നിവ പാലിച്ച് പാചകക്കുറിപ്പ് തയ്യാറാക്കുന്നു.<br>-കടങ്കഥ പറഞ്ഞും കേട്ടും ശേഖരിച്ചും കടങ്കഥാകേളിയിൽ ഏർപ്പെടുന്നു.<br>-ആശയം ഉൾക്കൊണ്ട് തുടർവരികൾ എഴുതി അവതരിപ്പിക്കുന്നു. | -ചോദ്യോത്തരങ്ങൾ കണ്ടെത്തുന്നു.<br>-പാഠഭാഗത്തെ രംഗങ്ങൾ ഗ്രൂപ്പ് അടിസ്ഥാനത്തിൽ അഭിനയിച്ച് കാണിക്കുന്നു.<br>-ആഹാരത്തിൽ ഉൾപ്പെടുത്തേണ്ട ഘടകങ്ങൾ അനുസരിച്ച് ആഹാരസാധനങ്ങളെ പട്ടികപ്പെടുത്തുന്നു.<br>- പാചകക്കുറിപ്പ് തയ്യാറാക്കുന്നു.<br>-വാക്കുകളെ ക്രമീകരിച്ച് വാക്യങ്ങൾ രൂപപ്പെടുത്തുന്നു.<br>- കടങ്കഥാകേളി, ചിത്രം നോക്കി കഥ പറയുന്നു. | എല്ലാവർക്കും വായന അനുഭവം സാധിച്ചോ. ആഹാരസാധനങ്ങൾ തിരിച്ചറിയാൻ സാധിക്കുന്നുണ്ടോ.<br>എല്ലാ കുട്ടികളുടെയും പങ്കാളിത്തം ക്രമം പാലിച്ച് പാചകക്കുറിപ്പ് തയ്യാറാക്കിയിട്ടുണ്ട്.<br><br>എല്ലാവരുടെയും പങ്കാളിത്തം | സെപ്റ്റംബർ |

# മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| **വായന**<br>മലയാളം തെറ്റുകൂടാതെയും അക്ഷരസ്ഫുടതയോടെയും അനായാസമായി വായിക്കുവാൻ | പ്രീ ടെസ്റ്റ് | ജൂൺ | അധ്യാപകൻ | പി ടി എ |
| | ക്ലാസ് ലൈബ്രറി വികസനം | അധ്യയന വർഷം മുഴുവൻ | സി പി ടി എ | സി പി ടി എ |
| | ക്ലാസ് ലൈബ്രറി ആകർഷകമാക്കൽ | ജൂൺ | അധ്യാപകൻ | അധ്യാപകൻ |
| | അമ്മ വായന<br>അമ്മമാരുടെ വായനാകുറിപ്പുകൾ സി പി ടി എ കളിൽ അവതരിപ്പിക്കുന്നു | അധ്യയന വർഷം മുഴുവൻ | സി പി ടി എ | ഇല്ല |
| | വായനാകാർഡുകൾ തയ്യാറാക്കൽ | ജൂൺ - ജൂലൈ | അധ്യാപകൻ | സി പി ടി എ |
| **ലേഖനം**<br>വിവിധ വ്യവഹാര രൂപങ്ങൾ ആസ്വദിക്കാനും എഴുതുവാനും ഉള്ള ശേഷി വികസിപ്പിക്കുക<br>- അക്ഷരം തെറ്റു കൂടാതെ എഴുതുവാനുള്ള ശേഷി കൈവരിക്കൽ, വിവിധ ഭാഷാവ്യവഹാരങ്ങൾ രചന നടത്തുവാനുള്ള ശേഷി കൈവരിക്കൽ | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട വിവിധ വ്യവഹാര രൂപങ്ങളിൽ രചനകൾ നടത്തുക<br>ജൂൺ 5 പരിസ്ഥിതി ദിനം പോസ്റ്റർ<br>ജൂൺ 19 വായനാദിനം<br>വായനാവാരം<br>ആഗസ്റ്റ് 6 ഹിരോഷിമ ദിനം പോസ്റ്റർ<br>ആഗസ്റ്റ് 9 നാഗസാക്കി ദിനം | ജൂൺ<br>ജൂൺ<br>ആഗസ്റ്റ് | അധ്യാപകൻ | സി പി ടി എ |

അക്കാദമിക മാസ്റ്റർ പ്ലാൻ - ക്ലാസ് 3

| | | | | |
|---|---|---|---|---|
| | പോസ്റ്റർ<br><br>ആഗസ്റ്റ് 15 സ്വാതന്ത്ര്യദിനം<br><br>സെപ്റ്റംബർ 5 അധ്യാപക ദിനം പഴയകാല അധ്യാപകരുമായി അഭിമുഖം<br><br>ഒക്ടോബർ 2 ഗാന്ധിജയന്തി കുറിപ്പ് തയ്യാറാക്കൽ<br>ഒക്ടോബർ 10 ദേശീയ തപാൽ ദിനം കൂട്ടുകാരനൊരു കത്ത്<br>നവംബർ 1 കേരളപ്പിറവി പ്രസംഗം<br>നവംബർ 14 ശിശുദിനം | ആഗസ്റ്റ്<br><br>സെപ്റ്റംബർ<br><br>ഒക്ടോബർ<br><br>ഒക്ടോബർ<br><br>നവംബർ | | |
| സർഗാത്മക പ്രകടനം | കുട്ടികൾ തയ്യാറാക്കിയ വിവിധ വ്യവഹാര രൂപങ്ങൾ അവതരിപ്പിക്കൽ<br>വേദി - സി പി ടി എ | അധ്യയന വർഷം മുഴുവൻ | സി പി ടി എ | ഇല്ല |

# ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ചതുരം ,വൃത്തം ത്രികോണം എന്നീ രൂപങ്ങളെക്കുറിച്ചുള്ള ധാരണ നൽകുന്നു | പ്രീ ടെസ്റ്റ് | ജൂൺ | അധ്യാപകൻ | പി ടി എ |
| | ഈർക്കിലുകൾ, കമ്പുകൾ, വള എന്നിവ ഉപയോഗിച്ച് ചതുരം,ത്രികോണം ,വൃത്തം എന്നിവ നിർമിക്കുന്നു. | ജൂൺ, ജൂലൈ | അധ്യാപകൻ, സി പി ടി എ | ഇല്ല |
| 999 വരെയുള്ള സംഖ്യകളെ വ്യത്യസ്ത രീതിയിൽ വ്യാഖ്യാനിക്കുന്നു. | സംഖ്യാപാറ്റേണുകൾ | ആഗസ്റ്റ് | അധ്യാപകൻ | ഇല്ല |
| | • നാണയങ്ങൾ, കളിനോട്ടുകൾ<br>• പാറ്റേണുകൾ (ഗണിത ക്ലബ്ബ് ) | ആഗസ്റ്റ് | അധ്യാപകൻ, കുട്ടികൾ | സി പി ടി എ |
| എല്ലാ കുട്ടികളിലും സംഖ്യാബോധം ഉണ്ടാക്കുക | വസ്തുക്കൾ ഉപയോഗിച്ച് സംഖ്യകൾ ഉറപ്പിക്കൽ | സെപ്റ്റംബർ | അധ്യാപകൻ, കുട്ടികൾ | ഇല്ല |
| സങ്കലന- വ്യവകലന ക്രിയകൾക്ക് കുട്ടികളെ പ്രാപ്തരാക്കുക | • *മനഃ കണക്കുകൾ*<br>• *നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ* | ഒക്ടോബർ - നവംബർ | അധ്യാപകൻ, കുട്ടികൾ | ഇല്ല |
| ഗുണന വസ്തുതകൾ നേടൽ | • *മനഃ കണക്കുകൾ*<br>• *മഞ്ചാടിക്കളി* | ഡിസംബർ - ജനുവരി | അധ്യാപകൻ, കുട്ടികൾ, സി പി ടി എ | ഇല്ല |
| ഹരണക്രിയയുമായി ബന്ധപ്പെട്ട ശേഷികൾ നേടൽ | • *നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ*<br>• *ഐ സി ടി വിഭവങ്ങൾ ഉപയോഗിച്ച്* | ഫെബ്രുവരി - മാർച്ച് | അധ്യാപകൻ, കുട്ടികൾ | ഇല്ല |

അക്കാദമിക മാസ്റ്റർ പ്ലാൻ - ക്ലാസ് 3

# പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| നമ്മുടെ ചുറ്റുപാടിനെ കുറിച്ച് കുട്ടികളിൽ നല്ല ബോധം ഉണ്ടാക്കുക, ജൈവ വൈവിധ്യ ഉദ്യാന സംരക്ഷണം | സസ്യങ്ങളെ തരംതിരിക്കൽ<br>പ്രകൃതി നടത്തം - (പാടം, വിദ്യാലയത്തിലെ ജൈവ വൈവിധ്യ ഉദ്യാനം ) | ജൂൺ, ജൂലൈ | അധ്യാപകൻ | ഇല്ല |
| പ്രകൃതി സംരക്ഷണം | • മണ്ണ് ,ജലം , വായു എന്നിവ സംരക്ഷിക്കുന്നതിനാവശ്യമായ പോസ്റ്ററുകൾ സ്ഥാപിക്കുക<br>• മഴക്കുഴി നിർമാണം<br>• വിദ്യാലയത്തിലെ പ്ലാസ്റ്റിക് ശേഖരിച്ച് ഹരിതകർമസേനക്ക് കൈമാറൽ | ആഗസ്റ്റ് - സെപ്റ്റംബർ | • അധ്യാപകൻ<br>• പി ടി എ<br>• ഹരിതകർമസേന - പി ടി എ | • പി ടി എ |
| വ്യക്തി ശുചിത്വം | • കൈ കഴുകൽ - പരിശീലനം<br>• പോസ്റ്റർ നിർമാണം ശുചിത്വ സന്ദേശങ്ങൾ വിദ്യാലയത്തിലെ വിവിധ ഇടങ്ങളിൽ പതിക്കൽ | സെപ്റ്റംബർ- ഒക്ടോബർ | ജെ ആർ സി യൂണിറ്റ്<br>അധ്യാപകൻ, കുട്ടികൾ | പി ടി എ<br>ഇല്ല |

# ENGLISH

| AIMS | ACTIVITIES | DURATION | CHARGE | ECONOMIC SOURCE |
|---|---|---|---|---|
| To study alphabets | • PRE-TEST<br>• Write simple words | June - July | Teacher, Students | P T A |
| To study , write and read simple words | Circle the word from TB and read | August - September | Teacher, Students | Nil |
| Create more opportunities for English speaking in the class room | Class room communication should be in English, like May I drinks some water ? May I Go to bathroom ?<br>• Hello.<br>• Hello, everyone.<br>• Good morning.<br>• Good morning everyone.<br>• Good morning class.<br>• Good Afternoon everyone.<br>• How are you?<br>• How are you all?<br>• How are you today?<br>• Let me take attendance etc | Academic year | Teacher, Students, Parents | Nil |